# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി5/1217/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയതി: 23/12/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./പി5/1217/2024 തീയ്യതി: 23/12/2024

# ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-08-2023 മുതൽ 06-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു പി കെ | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2024 | 12-12-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2024 | 12-12-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മരുൺമാത്യു ,ഓഡിറ്റ് ഓഫീസർ

ശ്രീ. ജിബി ഇ വി, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി അനിറ്റ പി സാമുവൽ,അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി മായകൃഷ്ണൻ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സ്വപ്ന വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോർജ് ജോസഫ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. രാജേന്ദ്രൻ .പി.കെ | സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീമതി. മേരി പ്രഭ എ.ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2023 | 06-08-2023 |
| ശ്രീമതി.ആനിയമ്മ ജോർജ് | സെക്രട്ടറി | 07-08-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .അനീഷ് ബാബു | അസിസ്റ്റന്റ് എൻജിനീയർ | 01-04-2023 | 31-03-2024 |
| ഡോ.ഗ്ലാഡി | വെറ്ററിനറി സർജർ | 01-04-2023 | 31-03-2024 |
| ഡോ.രജിത | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ. സരീഷ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2023 | 31-03-2024 |
| ശ്രീ. ജോൺസൺ മാത്യു | ഹെഡ്മ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ഡോ.ശാരിക | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 22-07-2023 |
| ഡോ.ഭരത് പ്രവീൺ . വി.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 23-07-2023 | 31-03-2024 |
| ശ്രീമതി. ആസ്മി .പി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-01-2024 |
| ശ്രീമതി. ആര്യ രമേഷ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-02-2024 | 31-03-2024 |
| ശ്രീ .ജോമിറ്റ് തോമസ് | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീ.കിരൺ ജോസ് .കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ആതിര കെ.കെ | അഗ്രികൾച്ചറൽ ഓഫീസർ | 01-04-2023 | 09-05-2023 |
| ശ്രീ..അഭിജിത്ത് പി.എച്ച് | അഗ്രികൾച്ചറൽ ഓഫീസർ | 10-05-2023 | 29-01-2024 |

| | | | |
|---|---|---|---|
| ശ്രീ . സോജി തോമസ് | അഗ്രികൾച്ചറൽ ഓഫീസർ | 30-01-2024 | 27-03-2024 |
| ശ്രീ .അഭിൻഷ അഷ്റഫ് | അഗ്രികൾച്ചറൽ ഓഫീസർ | 28-03-2024 | 31-03-2024 |
| ശ്രീ. നൗഷാദ് .ബി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. മേരി പ്രഭ എ.ഐ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. | 1-1-3 |
| 5 | വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ പരിശോധിക്കുന്നില്ല | 1-1-4 |
| 6 | ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-5 |
| 7 | വാർഷിക കണക്കുകൾ പ്രകാരമുള്ള ലോൺ അക്കൗണ്ടിന്റെ നീക്കിയിരിപ്പ് തുക കൃത്യമല്ല. | 1-1-6 |
| 8 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല. | 1-1-8 |
| 10 | നികുതി, നികുതിയേതര വരുമാന സ്രോതസ്സുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല. | 1-1-9 |
| 11 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് വാർഷിക ധനകാര്യ പത്രികയിലെ തുകയും സുലേഖ ചെലവു പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഗ്രാന്റ് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമപെൻഷനുകൾ | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 19 | കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല | 1-9 |
| 20 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തു നികുതി ഈടാക്കുന്നില്ല | 1-10 |
| 21 | അനധികൃത ടവറുകൾക്കെതിരെ നടപടികൾ സ്വീകരിച്ചില്ല | 1-11 |
| 22 | തൊഴിൽ നികുതി അപാകതകൾ | 1-12 |
| 23 | കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധന വരുത്തിയില്ല | 1-13 |
| 24 | വാടക-കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-14 |
| 25 | വസ്തു നികുതിയിൽ വൻ കുടിശ്ശിക | 1-15 |

| | | |
|---|---|---|
| 26 | ഇഞ്ചവരക്കുത്ത് കട്ടിംഗ് റോഡ് കേസ്- നഷ്ടപരിഹാരത്തുക തനതുഫണ്ടിൽ ഒടുക്കിയിട്ടില്ല | 1-16 |
| 27 | കളിസ്ഥലം നിർമ്മാണം- ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം പരിശോധനക്കായി ലഭ്യമായിട്ടില്ല | 1-17 |
| 28 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടി- ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല | 1-18 |
| 29 | തട്ടേകണ്ണി-വാഞ്ചിക്കൽ കുടിവെള്ള പദ്ധതി- പദ്ധതി നിർവ്വഹണം ലക്ഷ്യം കൈവരിച്ചില്ല | 1-19 |
| 30 | മണിപ്പാറ കുടിവെള്ള പദ്ധതി- കുളം മെയിന്റനൻസ്, കുടിവെള്ള സൗകര്യമൊരുക്കൽ- പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-20 |
| 31 | കുടിവെള്ള പദ്ധതി പ്രവർത്തന രഹിതം | 1-21 |
| 32 | പൊതുമരാമത്ത് പ്രവൃത്തി കരാറുകാർക്ക് ₹36476/- അധികമായി നൽകി | 1-22 |
| 33 | ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവർത്തികൾ -ടെണ്ടർ വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല | 1-23 |
| 34 | വെയിംഗ് മെഷീൻ -എം.സി.എഫ്-സ്ഥാപിച്ചിട്ടില്ല | 1-24 |
| 35 | അഗ്നിശമനഉപകരണങ്ങൾ MCF കളിൽ -ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല | 1-25 |
| 36 | MCF ന് ബെയിലിംഗ് മെഷീൻ വാങ്ങൽ -മെഷീൻ സ്ഥാപിച്ചിട്ടില്ല | 1-26 |
| 37 | പകർച്ചവ്യാധി പ്രതിരോധം-ഫോഗിങ്ങ് മെഷീൻ ഇന്ധനച്ചെലവിനാസ്പദമായ കൃത്യമായ രേഖകൾ ലഭ്യമാക്കിയില്ല | 1-27 |
| 38 | പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ | 1-28 |
| 39 | ലൈഫ് ഭവന പദ്ധതി -ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-29 |
| 40 | സിഎച്ച്സി കഞ്ഞിക്കുഴി - വാഹന ഉപയോഗം- കൃത്യമായ മോണിട്ടറിങ്ങ് നടത്താതെ വാഹന വാടക നൽകി | 1-30 |
| 41 | വിവിധ പദ്ധതികൾക്കായി ഒരേ വാഹനം തന്നെ വ്യത്യസ്ത നിരക്കിൽ ഉപയോഗിച്ചു | 1-31 |
| 42 | വീടിനോടനുബന്ധിച്ച് റൂം നിർമ്മാണം പദ്ധതി- സർക്കാർ അനുമതി രേഖകൾ ഹാജരാക്കിയില്ല | 1-32 |
| 43 | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ - ക്ലീൻ കേരള കമ്പനിക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ബിൽ പ്രകാരമല്ലാതെ തുക നൽകി- | 1-33 |
| 44 | തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ സപ്ലൈ ടെണ്ടർ നടപടിയിൽ അവ്യക്തത | 1-34 |
| 45 | തൊഴിലുറപ്പ് പദ്ധതി- വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിൽ മോണിറ്ററിംഗ് ഫലപ്രദമല്ല. | 1-35 |
| 46 | മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-36 |
| **ഭാഗം 2** | | |
| 1 | വാടക-കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 2-1 |
| **ഭാഗം 3** | | |
| 1 | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ - ക്ലീൻ കേരള കമ്പനിക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ബിൽ പ്രകാരമല്ലാതെ തുക നൽകി | 3-1 |
| 2 | പൊതുമരാമത്ത് പ്രവൃത്തി കരാറുകാർക്ക് ₹36476/- അധികമായി നൽകി | 3-2 |

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ ഫണ്ടിന്റെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്നപത്രിക | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25-07-2024-ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 25.07.2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപ്പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും, പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡ

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ

വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
തീയതി :23.12.2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി

**<u>1-1-1 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല.</u>**

സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ്ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല

**<u>1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.</u>**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്)എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**<u>1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.</u>**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2389786/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-4029211/- ആണ്. അംഗീകരിക്കപ്പെട്ട

അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-4 വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ പരിശോധിക്കുന്നില്ല

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ,വായ്പ രജിസ്ററർ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല.ആയതിനാൽ വാർഷികകണക്കിലെ ഈ ഇനങ്ങളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-5 ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങളായ വസ്തുനികുതി, തൊഴിൽനികുതി തുടങ്ങിയവ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

## 1-1-6 വാർഷിക കണക്കുകൾ പ്രകാരമുള്ള ലോൺ അക്കൗണ്ടിന്റെ നീക്കിയിരിപ്പ് തുക കൃത്യമല്ല.

കെ.യു.ആർ.ഡി.എഫ്.സി ലോൺ അക്കൗണ്ടിൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പയിൽ ₹300,000/- യുടെ കുറവുണ്ട്. AFS പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക ₹42557647/-യാണ്. എന്നാൽ യഥാർത്ഥത്തിൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക ₹42857647/- ആണ്. തൻ വർഷ തിരിച്ചടവ് ₹5659061 ആയിരിക്കെ വാർഷികകണക്കിൽ ₹5959061 എന്ന് രേഖപ്പെടുത്തിയതാണ് വ്യത്യാസം വന്നതിന് കാരണം.

## 1-1-7 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിലെ താഴെ പറയുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും (ബാലൻസ് ഷീറ്റ് ബി-17 ഷെഡ്യൂൾ) തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം (ഹെഡ് നം) | ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | ബി-17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| പശ്ചിമഘട്ട വികസനം | 360,000 | 320599 |

| | | |
|---|---|---|
| 320100186 | | |
| സി എഫ് സി ഗ്രാന്റ് ടൈഡ്+ അൺടൈഡ് | 20018598 | 20448299 |
| ജലനിധി 320300102 | 630267 | 630307 |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320300199 | 2044545 | 850404 |
| ബ്ളോക്ക് വിഹിതം 320700204+320700404 | 2786681+300000= 3086681 | 0 |
| സാക്ഷരത 320100197 | 27688 | 1870 |

**1-1-8 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല.**

ഇൻകം&എക്പെൻഡീച്ചർ അക്കൗണ്ട് (ഐ-18,19) പ്രകാരം ജേർണ്ണൽ വൗച്ചർ പ്രകാരം എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൗച്ചറുകളൊ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളൊ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

**1-1-9 നികുതി, നികുതിയേതര വരുമാന സ്രോതസ്സുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല.**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക എന്നിവയുടെ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

**1-1-10 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് വാർഷിക ധനകാര്യ പത്രികയിലെ തുകയും സുലേഖ ചെലവു പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ വാർഷികകണക്കുകൾ പ്രകാരമുള്ള തുകയും (ഹെഡ് നം 320200104 + 320200113) സുലേഖ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ നിന്നുള്ള ചെലവു പത്രിക /ഗ്രാന്റ് സ്റ്റേറ്റുമെന്റ് എന്നിവയിൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| എ .എഫ് .എസ് പ്രകാരം ചെലവ് | സുലേഖ/ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം ചെലവ് |
|---|---|
| | |

| | |
|---|---|
| 9047378 | 8791522 |

## 1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | 2023-24-ലെ ബജറ്റ് | 2023-24-ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 20-03-2023-ലെ 2-ാം നമ്പർ തീരുമാനം | 03-02-2024-ലെ 1-ാം നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 25-03-2023 ലെ 1-ാം നമ്പർ തീരുമാനം | 12-02-2024 ലെ 1-ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് | ₹3769910/- | ₹5432330/- |
| വരവ് | ₹382401700/- | ₹337323000/- |
| ആകെ വരവ് | ₹386171610/- | ₹342755330/- |
| ആകെ ചെലവ് | ₹382660000/- | ₹ 339595300/- |
| നീക്കിയിരിപ്പ് | ₹3511610/- | ₹3160030/- |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 44812000 | 44812000 | 32928413 | 11883587 |
| | എസ്.സി.പി | 0 | 3034000 | 3034000 | 2499378 | 534622 |
| | റ്റി.എസ്.പി. | 0 | 5420000 | 5420000 | 4396408 | 1023592 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 14658505 | 5565500 | 20224005 | 8262825 | 11961180 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 924363 | 7917608 | 8841971 | 784553 | 8057418 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 9027400 | 9027400 | 6867791 | 2159609 |
| | റോഡ് | 0 | 6060000 | 6060000 | 2736349 | 3323651 |
| കേന്ദ്രാവിഷ്കൃത പദ്ധതി | ഐ.സി.ഡി.എസ് 320100196 | 2794962 | 1793563 | 4588525 | 1301043 | 3287482 |

| | | | | | | |
|---|---|---|---|---|---|---|
| | ടോട്ടൽ സാനിറ്റേഷൻ (320100181) | 360000 | - | 360000 | - | 360000 |
| | ടോട്ടൽ സാനിറ്റേഷൻ (320300103) | 620000 | - | 620000 | 0 | 620000 |
| | പശ്ചിമഘട്ട വികസനം 320100186 | 305460 | 0 | 305460 | 0 | 320599 |
| | കോർപ്പസ് ഫണ്ട് (SCP) (320200102) | 394000 | 0 | 394000 | 0 | 394000 |
| | നാഷണൽ ഹെൽത്ത് മിഷൻ 320100139 | 155172 | 0 | 155172 | 0 | 155172 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ശുചിത്വമിഷൻ 320100198 | 343542 | 628549 | 972091 | 0 | 972091 |
| | ജലനിധി 320300102 | 1361251 | 24482 | 1385733 | 755466 | 630267 |
| | ലൈഫ് ഭവനപദ്ധതി സംസ്ഥാന വിഹിതം 320300199 | 3797400 | 9837145 | 13634545 | 11590,000 | 2044545 |
| | എം. എൽ. എ. ഫണ്ട് | 14608 | | 14608 | 0 | 14608 |
| | സാക്ഷരത 320100197 | 27688 | - | 27688 | 0 | 27688 |
| | ആയുർവ്വേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി 320800199 | 25658 | | 25658 | 0 | 25658 |
| | ഹെൽത്ത് ഗ്രാന്റ് അടിസ്ഥാന വികസനം 320100202 | | 953685 | 953685 | | 953685 |
| | ഹെൽത്ത് ഗ്രാന്റ് ഫോർ വെൽനെസ്സ് 320100204 | | 470702 | 470702 | | 470702 |

നോട്ട്

ഹെൽത്ത് ഗ്രാന്റ് അടിസ്ഥാന വികസനം 320100202 എന്ന ഹെഡ്ഡിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ വരവ് ചേർത്ത ₹7079 ഉൾപ്പെടുത്തി (942133+4473പലിശ+ 7079) =953685. ഹെൽത്ത് ഗ്രാന്റ് ഫോർ വെൽനെസ്സ് 395887+ 3836(പലിശ)+ 70979 Prior Perod Expense)= 470702

1-3-1 ലാപ്സായ തുകയുടെ വിശദാംശങ്ങൾ

5.07.2021-ലെ സ.ഉ. (കൈ) നം. 79/2021 ധന പ്രകാരം 2023-24 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ 80% ൽ കുറയാതെ

ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

| ഫണ്ടിനം | വരവ് | ചെലവ് | തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന തുക 80% | തൻവർഷം 80% ചെലവില്ലാത്തതിനാൽ ലാപ്സായതും 2025-26 വർഷം കുറവ് ചെയ്യുന്നതുമായ തുക |
|---|---|---|---|---|
| വികസനഫണ്ട്- ജനറൽ | 44812000 | 32928413 | 35849600 | 2921187 |
| മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 9027400 | 6867791 | 7221920 | 354129 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 6060000 | 2736349 | 48480000 | 2111651 |

1-3-2 വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. ആയത് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്രോതസിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ

| ഫണ്ട് | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ | ആകെ ₹ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 4218265 | 1357800 | 5576065 |
| വികസനഫണ്ട് എസ് സി പി | 382378 | | 382378 |
| വികസനഫണ്ട് ടിഎസ് പി | 1058418 | | 1058418 |

## 1-4 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 247 | 219208756 | 82118535 | 148 | 98 | 59.91 |

വിവിധ നിർവ്വഹണഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ് താഴെ ചേർക്കുന്നു.

| **നിർവഹണ ഉദ്യോഗസ്ഥൻ** | **ആകെ പദ്ധതി കളുടെ എണ്ണം** | **നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം** | **നടപ്പാക്കിയ പദ്ധതി കളുടെ ശതമാനം** | **അടങ്കൽ** | **ചെലവ്₹** | **ചെലവ് ശതമാനം** |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| അസിസ്റ്റന്റ്എഞ്ചിനീയർ (തസ്വഭവ) | 105 | 61 | 58.65 | 48051256 | 21471511 | 44.68 |
| അസിസ്റ്റന്റ്സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 2 | 2 | 100 | 220000 | 214600 | 97.55 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 9 | 69.23 | 8514180 | 4956374 | 58.21 |
| കൃഷി ഓഫീസർ | 14 | 10 | 71.43 | 9657258 | 4466878 | 46.25 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 50 | 5910000 | 3642354 | 61.63 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 2 | 100 | 2250000 | 2241140 | 99.61 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 5 | 4 | 80 | 792150 | 572404 | 72.30 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/ സി.എച്ച്.സി | 18 | 12 | 66.67 | 3799380 | 1997293 | 52.57 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 17 | 89.47 | 110024216 | 28762599 | 26.14 |
| വെറ്ററിനറി സർജൻ | 4 | 3 | 75 | 2477500 | 799127 | 32 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 53 | 23 | 43.40 | 24841816 | 12497579 | 50.31 |
| ഹെഡ്മാസ്റ്റർ , ഗവൺമെന്റ് എൽ .പി.സ്കൂൾ | 10 | 4 | 40 | 2171000 | 457076 | 21.05 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 500000 | 39600 | 7.92 |
| ആകെ | 247 | 148 | 60.16 | 219208756 | 82118535 | 37.46 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1 | 2447185 | 2447186 | 2447186 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 111533000 | 11533000 | 11533000 | |

## 1-6 ക്ഷേമപെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 6320200 | 558 |
| വിധവാ പെൻഷൻ | 10176300 | 969 |
| വാർദ്ധക്യകാല പെൻഷൻ | 26590500 | 2783 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 4036500 | 363 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 264000 | 25 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.2024 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4094/- യുടെ ക്യാഷ് ബാലൻസ് കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ,വായ്പ രജിസ്ററർ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. നികുതി നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

## 1-9 കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5%

വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി 09/05/2023 ലെ 1/1 തീരുമാനത്തിൽ നികുതി നിരക്കുകൾ അംഗീകരിച്ചു. എന്നാൽ 2023-24 ലെ സപ്ലിമെന്ററി അസസ് മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ചുവടെ ചേർത്തിട്ടുള്ള മൊബൈൽ ടവർ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ലായെന്ന് കാണുന്നു. വസ്തു നികുതിയിലുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ , ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണം ( ച.മീ) | ഈടാക്കിയ നികുതി നിരക്ക് | ഈടാക്കേണ്ട നികുതി | കുറവ് വന്ന നിരക്ക് (ശതമാനം) | കുറവ് വന്ന അടിസ്ഥാന നികുതി | ഇളവ് നിരക്ക് (ശതമാനം) | വർദ്ധന നിരക്ക് (ശതമാനം) | ഇളവ് | വർദ്ധന | കുറവ് വന്ന നികുതി | കുറവ് വന്ന ലൈബ്രറി സെസ് |
|---|---|---|---|---|---|---|---|---|---|---|---|
| 12/210/B, സമ്മിറ്റ് ഡിജിറ്റൽ | 21.62 | 500 | 550 | 50 | 1081 | 0 | 0 | 0 | 0 | 1081 | 54.05 |
| 1/256/A, സമ്മിറ്റ് ഡിജിറ്റൽ | 21.62 | 500 | 550 | 50 | 1081 | 0 | 30 | 0 | 324.3 | 1405.3 | 70.265 |

ഇപ്രകാരം 01/04/2023 നു ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പഴയ നികുതി നിരക്കിൽ വസ്തുനികുതിയിൽ നിർണ്ണയിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/ 09.12.24) ലഭ്യമാക്കിയ മറുപടി പ്രകാരം നികുതി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. സമാനമായ രീതിയിൽ വസ്തു നികുതി പരിഷ്കരണത്തിൽ നിന്ന് മറ്റ് കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന് കണ്ടെത്തേണ്ടതും നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

## 1-10 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തു നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 (1)(ബി) വകുപ്പിന് 2023-ൽ വരുത്തിയ ഭേദഗതിയനുസരിച്ച്, (നിയമനിർമ്മാണ (എ) വകുപ്പിന്റെ 28.03.2023-ലെ 15(2)/ലെഗ്.എ2/2023 നമ്പർ വിജ്ഞാപനം) “കേന്ദ്ര സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും” എന്ന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളെയാണ് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കാവുന്നത്. ചുവടെ ചേർത്തിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തു നികുതി ഈടാക്കുന്നില്ല.

| | |
|---|---|
| 1 | സാൻതോം പബ്ളിക് സ്കൂൾ, ചേലച്ചുവട് |

മേൽ സ്ഥാപനത്തിൽ നിന്നും വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.08/തീ.10.12.2024) ലഭ്യമാക്കിയ മറുപടി പ്രകാരം നികുതി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട് . മേൽ കെട്ടിടത്തിൽ നിന്നും നികുതി ഈടാക്കാത്തത് വസ്തു നികുതി ഇനത്തിൽ

വലിയ കുടിശ്ശികയ്ക്ക് കാരണമാകുന്നു. നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 അനധികൃത ടവറുകൾക്കെതിരെ നടപടികൾ സ്വീകരിച്ചില്ല

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണയ രേഖകൾ പരിശോധിച്ചതിൽ 11 മൊബൈൽ ടവറുകൾക്ക് മാത്രമാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നത് എന്ന് വ്യക്തമായി. മൊബൈൽ ടവറുകൾ, ഇലക്ട്രോമാഗ്നെറ്റിക് ഫ്രീക്വൻസി (EMF) എമിഷൻ കംപ്ലയൻസ് എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കിടുന്നതിനുള്ള വെബ് പോർട്ടലാണ് തരംഗ് സഞ്ചാർ. പ്രസ്തുത പോർട്ടലിലെ വിവരങ്ങൾ പ്രകാരം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 18 ടവറുകൾ പ്രവർത്തിക്കുന്നതായി വ്യക്തമാണ് (ചിത്രം കാണുക ). മൊബൈൽ ടവറുകളുടെ സ്ഥാനവും എണ്ണവും ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ ചേർക്കുന്നു.




| ക്രമ നമ്പർ | സ്ഥാനം | മൊബൈൽ ടവറുകളുടെ എണ്ണം |
|---|---|---|
| 1 | വെൺമണി | 2 |
| 2 | മൈലപ്പുഴ | 1 |
| 3 | പിള്ളസിറ്റി | 2 |
| 4 | കഞ്ഞിക്കുഴി ടൌൺ | 3 |
| 5 | കഞ്ഞിക്കുഴി പള്ളിക്ക് സമീപം | 1 |
| 6 | സി.എച്ച്.സിക്ക് സമീപം | 1 |
| 7 | തള്ളക്കാനം | 3 |
| 8 | കീരിത്തോട് | 1 |
| 9 | ചേലച്ചുവട് സ്കൂളിന് സമീപം | 1 |
| 10 | ചേലച്ചുവട് | 1 |
| 11 | ചുരുളി | 2 |
| | | 18 |

അനധികൃതമായി പ്രവർത്തിക്കുന്ന 7 മൊബൈൽ ടവറുകൾക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/09.12.2024)മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് സെക്രട്ടറി പരിശോധന നടത്തേണ്ടതും അനധികൃത നിർമ്മാണമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം 1994 ലെ കേരള പഞ്ചായത്തിരാജ് നിയമം സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ നടക്കുന്നില്ല എന്നുറപ്പാക്കേണ്ടതിലേക്കായി ഫീൽഡ് തല പരിശോധനകൾ നടത്തേണ്ടതാണ്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റിന്റെ സാധ്യതകൾ ഉപയോഗിച്ച് കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകൾ പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2023-24 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | യൂണിയൻ ബാങ്ക്, ചേലച്ചുവട് | 2 |

ബി)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം നികുതി ഒടുക്കാത്ത ചില കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | 2023-24 ലെ കരാറുകാരൻ/ കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | അനീഷ് കുമാർ കെ.എസ് |
| 2. | ജോർജ് വർക്കി |
| 3. | രാജൻ വർഗ്ഗീസ് |
| 4. | ഷിജോ കെ.ജി |
| 5. | രാജീവ് പി.എസ് |

മേൽ സൂചിപ്പിച്ച അപാകതകളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.7/തീ. 10.12.2024) ലഭ്യമാക്കിയ മറുപടി പ്രകാരം നികുതി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധന വരുത്തിയില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർച്ചാർജും) ചട്ടങ്ങൾ പ്രകാരം അതത് പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 8 , എയർ കണ്ടീഷനിംഗ് സംവിധാനത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനത്തിന് 10% വർധനവുണ്ട്. എയർ കണ്ടീഷനിംഗ്-കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് എന്ന് കെട്ടിട ഉടമസ്ഥൻ ലഭ്യമാക്കിയ വിവര ശേഖരണ ഫോറത്തിൽ വ്യക്തമാക്കിയിട്ടുണ്ട് . കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനത്തിന്റെ അടിസ്ഥാനത്തിലുള്ള 10% വർധന വരുത്തേണ്ടതായിരുന്നു. നികുതി നിർണയിച്ചതിൽ വന്ന കുറവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ, സ്ഥാപന ഉടമസ്ഥന്റെ പേര് | കെട്ടിട ത്തിന്റെ വിസ്തീർണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക് | ഈടാക്കേണ്ട നികുതി | കുറവ് വന്ന നിരക്ക് (ശതമാനം) | കുറവ് വന്ന അടിസ്ഥാന നികുതി | ഇളവ് നിരക്ക് (ശതമാനം) | വർദ്ധന നിരക്ക് (ശതമാനം) | ഇളവ് | വർദ്ധന | കുറവ് വന്ന നികുതി | കുറവ് വന്ന ലൈബ്രറി സെസ് |
|---|---|---|---|---|---|---|---|---|---|---|---|
| 12/276/D, മിൽസൺ ജോർജ് | 163.76 | 95 | 95 | 0 | 0 | 0 | 10 | 0 | 1555.72 | 1555.72 | 77.786 |

വസ്തുനികുതിയിൽ നിർണ്ണയിച്ചിരിക്കുന്നതിലെ അപാകതയിൽ വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 14/ 10.12.24) ലഭ്യമാക്കിയ മറുപടി പ്രകാരം നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. സമാനമായ രീതിയിൽ വസ്തു നികുതി പരിഷ്കരണത്തിൽ നിന്ന് മറ്റ് കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന് കണ്ടെത്തേണ്ടതും നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി രേഖകൾ സഹിതം വിവരമറിയിക്കേണ്ടതുമാണ്.

## 1-14 വാടക-കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

2023-24 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരമുള്ള വരവ് പരിശോധിച്ചതിൽ കരാർ ചമച്ച് വാടകയ്ക്ക് നൽകിയ മുറികളുടെയും വാടക കുടിശ്ശിക തുകകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | കാലയളവ് | ആകെ വാടക കുടിശ്ശിക |
|---|---|---|---|---|
| കഞ്ഞിക്കുഴി ഷോപ്പിംഗ് കോംപ്ളക്സ് | | | | |
| 1 | ഷൈലജ മധു | 1556 | 03/2024 | 1556 |
| കീരിത്തോട് ഷോപ്പിംഗ് കോംപ്ളക്സ് | | | | |
| 2 | സുരേഷ് കെ.കെ | 875 | 07/2023 മുതൽ 03/24 വരെ | 7875 |
| 3 | കെ.സി ടോമി | 418 | 05/2023 മുതൽ 03/24 വരെ | 4598 |

| ചേലച്ചുവട് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സ് | | | | |
|---|---|---|---|---|
| 4 | കമലാസനൻ | 3465 | 07/2023 മുതൽ 03/24 വരെ | 31185 |
| 5 | മഞ്ജുഷ് അമ്പാരപ്പിള്ളിൽ | 3490 | 04/2023 മുതൽ 03/24 വരെ | 41880 |
| 6 | ബിജു മാത്യു | 3255 | 04/2023 | 3255 |
| ആകെ | | | | 90349 |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5//12/24)ലഭ്യമാക്കിയ മറുപടി പ്രകാരം വാടക ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിന് 2023-24ൽ ലഭ്യമാകേണ്ടിയിരുന്ന ₹90349/-നഷ്ടമായ സ്ഥിതിയാണ് നിലവിലുള്ളത്. കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം വിവരമറിയിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വസ്തു നികുതിയിൽ വൻ കുടിശ്ശിക

വസ്തു നികുതി നിർണയ സോഫ്റ്റ് വെയറായ സഞ്ചയ പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവും വസ്തു നികുതി ഇനത്തിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | സഞ്ചയ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| വസ്തു നികുതി – റെസിഡൻഷ്യൽ (തൻവർഷം) | 705854 | 669902 |
| വസ്തു നികുതി – റെസിഡൻഷ്യൽ (അരിയർ) | 957938 | 3320082 |
| വസ്തു നികുതി – നോൺ-റെസിഡൻഷ്യൽ (തൻവർഷം) | 408932 | 389375 |
| വസ്തു നികുതി – നോൺ റെസിഡൻഷ്യൽ (അരിയർ) | 677144 | 5801364 |

01.06.2022 ലെ സ.ഉ (കൈ) നം/117/2022/തസ്വഭവ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കുടിശ്ശികയും അതേത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി പത്രിക തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും ഭരണ സമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണെന്നും മേൽ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ സകർമ്മ മിനിട്ട് പരിശോധിച്ചതിൽ വസ്തു നികുതി പുനർനിർണ്ണയം സംബന്ധിച്ച വിവരങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും നികുതി പിരിവ് പുരോഗതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകുിയ ഓഡിറ്റ് അന്വേഷണത്തിന് (06/09/12/2024) ലഭ്യമാക്കിയ മറുപടി പ്രകാരം നികുതി കുടിശ്ശിക ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവും വസ്തു നികുതി ഇനത്തിൽ കുടിശ്ശിക തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഇഞ്ചവരക്കുത്ത് കട്ടിംഗ് റോഡ് കേസ്- നഷ്ടപരിഹാരത്തുക തനതുഫണ്ടിൽ ഒടുക്കിയിട്ടില്ല

ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിനെയും ശ്രീ വർക്കി ജോസഫ് പുതയത്തുമോളേൽ ,ശ്രീ സ്റ്റാൻലി ജോസഫ് ,പുന്നോലിക്കുന്നേൽ എന്നീ കരാറുകാരെയും എതിർ കക്ഷികളാക്കിക്കൊണ്ടുള്ള ഇഞ്ചവരക്കുത്ത് കട്ടിംഗ് റോഡ്

സംബന്ധിച്ച കേസിൽ (നം.ഇ.പി 4/08 ) ഇടുക്കി മുൻസിഫ് മജിസ്ട്രേറ്റ് കോടതിവിധി പ്രകാരം വാദിയായ ശ്രീ. ജോബൽ ജോർജ്, കാട്ടുനിലത്ത് എന്നയാൾക്ക് ഇവർ നഷ്ടപരിഹാരം നൽകണമെന്ന് വിധിച്ചിരുന്നു. കേസ് പ്രകാരമുള്ള നഷ്ടപരിഹാരത്തുകയായ 72074/- രൂപ അഡ്വക്കേറ്റ് മുഖേന ബഹു. മുൻസിഫ് കോടതി മുമ്പാകെ ഗ്രാമപഞ്ചായത്ത് പണമായി ഒടുക്കുവരുത്തുന്നതിനും ആയതിൽ ശ്രീ വർക്കി ജോസഫ് പുതയത്തുമോളേൽ മരണപ്പെട്ട് പോയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കു വരുത്തിയ തുകയുടെ പകുതി ശ്രീ.സ്റ്റാൻലി ജോസഫ് പുന്നോലിക്കുന്നേൽ എന്നയാളിൽ നിന്നോ ടിയാളുടെ ഡെപ്പോസിറ്റ് തുകയിൽ നിന്നോ ഈടാക്കുന്നതിനും മേൽ കേസ് സംബന്ധിച്ച് ബഹു.കോടതിയുടെ തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനും 10.10.2023 ലെ 2(1)-ാം നമ്പർ കമ്മറ്റി നിർദ്ദേശ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം വൗച്ചർ നം. 22300735/7.11.2023 പ്രകാരം 72074/- രൂപ ശ്രീ. ജോബൽ ജോർജിന് തനതുഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഇപ്രകാരം നൽകിയ നഷ്ടപരിഹാരത്തുകയുടെ നേർ പകുതി ശ്രീ.സ്റ്റാൻലി ജോസഫ് പുന്നോലിക്കുന്നേൽ എന്നയാളിൽ നിന്നും ഈടാക്കി തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/11.12.2024) ലഭ്യമായ മറുപടിയിൽ ടി റോഡിന്റെ കരാറുകാരനായ ശ്രീ .സ്റ്റാൻലി ജോസഫിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകിയിട്ടില്ലെന്നും ആയത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ പേരിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിൽ എത്ര തുക നിലനിൽക്കുന്നുണ്ടെന്നതിൽ വ്യക്തതയില്ല. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് നൽകിയ നഷ്ടപരിഹാര തുകയായ ₹72074/- ന്റെ പകുതി ₹36037/- ഇദ്ദേഹത്തിൽ നിന്നും ഈടാക്കേണ്ടതാണ്. അതു വരെ ഇദ്ദേഹത്തിനു വേണ്ടി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവാക്കിയ ₹36037/- ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

36037/- രൂപ ടിയാളിൽ നിന്നും ഈടാക്കി തനതു ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

## 1-17 കളിസ്ഥലം നിർമ്മാണം- ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം പരിശോധനക്കായി ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ തനതുഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വൗച്ചർ നം. 22300213/5.6.2023 പ്രകാരം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ 7ാം വാർഡിലെ ഗവ .ഹോമിയോ ഡിസ്പെൻസറിക്ക് സമീപം ഉപയോഗശൂന്യമായി കിടന്നിരുന്ന സ്ഥലം ജെ.സി.ബി ഉപയോഗിച്ച് കല്ലും മണ്ണും കോരിയിട്ട് കളിസ്ഥലമായി തീർത്ത വകയിൽ ജെ.സി.ബി വാടകയിനത്തിലെ ചെലവുതുകയായ 13156/- തനതുഫണ്ടിൽ നിന്നും വാർഡ് മെമ്പറായ ശ്രീമതി . ലിൻസി കുഞ്ഞുമോന് നൽകിയിട്ടുണ്ട്. ജെ.സി.ബി വാടക ബില്ലും, അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ടി പ്രവർത്തിയെ സാധൂകരിക്കുന്ന കമ്മറ്റി തീരുമാനം ഫയലിൽ ലഭ്യമല്ല. ടി പ്രവർത്തിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/10.12.2024) മറുപടി ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച തീരുമാനമില്ലാതെ യാതൊരു പ്രവർത്തിയും നടത്തുവാനോ തുക അനുവദിക്കാനോ പാടുള്ളതല്ല. ആയതിനാൽ മേൽ പ്രവർത്തിയുമായി ബന്ധപ്പെട്ട കമ്മറ്റി തീരുമാനം പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടി- ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിയുമായി ബന്ധപ്പെട്ട് വൗച്ചർ നം. 22301373/31.3.2024 പ്രകാരം 10000/- രൂപ മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി ക്ക് തനതു ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഇതുമായി ബന്ധപ്പെട്ട ചെലവുരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ആയത് പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/11.12.2024) മറുപടി ലഭ്യമായിട്ടില്ല. ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതുവരെ 10000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

**1-19 തട്ടേകണ്ണി-വാഞ്ചിക്കൽ കുടിവെള്ള പദ്ധതി- പദ്ധതി നിർവ്വഹണം ലക്ഷ്യം കൈവരിച്ചില്ല**

| | |
|---|---|
| പ്രോജക്ട് | 146/24,തട്ടേകണ്ണി-വാഞ്ചിക്കൽ കുടിവെള്ള പദ്ധതി |
| അടങ്കൽ | ₹1065300/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ശ്രീ.അനീഷ്കുമാർ കെ.എസ്. |
| കരാർ നം./തീയതി | 18/AE/LID&EW/KJZY/2023-24/03.11.2023 |
| വൗച്ചർ നം./തീയതി/തുക | 22301330/31.03.2024/ 1033896/- |

തട്ടേകണ്ണി-വാഞ്ചിക്കൽ കുടിവെള്ള പദ്ധതിക്ക് 2018 ലെ പ്രളയത്തിൽ തകരാറ് സംഭവിച്ചതിനെ തുടർന്ന് നേര്യമംഗലം - പൈനാവ് റോഡിലെ തട്ടേക്കണ്ണിയിൽ പെരിയാർ നദിയുടെ തീരത്തായി നിർമ്മിച്ചിരിക്കുന്ന കിണർ, അനുബന്ധമായിട്ടുള്ള ഇലക്ട്രിക് റൂം, പമ്പിംഗ് ലൈൻ, സ്റ്റോറേജ് ടാങ്ക് എന്നിവയുടെ തകരാറ് പരിഹരിക്കുന്നതിനായി ഏറ്റെടുത്ത മേൽ പദ്ധതിയിൽ കിണറിന്റെ സൈഡിൽ പ്രളയ സമയത്ത് അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് ചുറ്റുമതിൽ നിർമ്മിക്കുകയും ഇലക്ട്രിക് റൂമിന്റെ തകരാർ പരിഹരിച്ച് 15 എച്ച്.പി. യുടെ സബ്മേഴ്സിബിൾ പമ്പ് സെറ്റ് സ്ഥാപിച്ച് വാട്ടർ ടാങ്ക് വരെ 63എം.എം. 480 മീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പ് സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ടാങ്കിൽ നിന്നുമുള്ള വിതരണ പൈപ്പ് ലൈൻ തകരാറിലായതിൽ കുടിവെള്ള വിതരണം സാദ്ധ്യമാകുന്നില്ല. പദ്ധതി ഏറ്റെടുത്തതുകൊണ്ട് ഗുണഭോക്താക്കൾക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 11.12.2024 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 19 ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ഡിസ്ട്രിബ്യൂഷൻ ലൈൻ പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലെന്നും 2024-25 വർഷം പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തീകരിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള സാരചര്യത്തിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുത്ത് പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി പദ്ധതി ഏറ്റെടുക്കേണ്ടതാണ്. പദ്ധതിക്കായി ചെലവഴിച്ച തുക ജനങ്ങൾക്ക് പ്രയോജനപ്രദമായിട്ടില്ലാത്തതിനാൽ ചെലവ് തുക ₹1033896/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ അപാകതകൾ പരിപൂർണ്ണമായി പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-20 മണിപ്പാറ കുടിവെള്ള പദ്ധതി- കുളം മെയിന്റനൻസ്, കുടിവെള്ള സൗകര്യമൊരുക്കൽ- പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്ട് | 294/24, മണിപ്പാറ കുടിവെള്ള പദ്ധതി- കുളം മെയിന്റനൻസ്, കുടിവെള്ള സൗകര്യമൊരുക്കൽ |
| അടങ്കൽ | ₹500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ശ്രീ.അനീഷ്കുമാർ കെ.എസ്. |

| | |
|---|---|
| കരാർ നം./തീയതി | 75/AE/LID&EW/KJZY/2023-24/17.02.2024 |
| വൗച്ചർ നം./തീയതി/തുക | 22301272/30.03.2024/₹421542/- |

നിലവിലുള്ള മണിപ്പാറ കുടിവെള്ള പദ്ധതിയുടെ കിണർ വൃത്തിയാക്കുന്നതിനും നിലവിലുള്ള പമ്പ്സെറ്റ് മാറ്റി 2 എച്ച്.പി. സബ്മേഴ്സബിൾ പമ്പ്സെറ്റ് സ്ഥാപിച്ച് കിണറിൽ നിന്നും ടാങ്ക് വരെ 40 എം.എം. എച്ച്.ഡി.പി. ഇ. പൈപ്പ് സ്ഥാപിക്കുന്നതിനും കിണറിന് ചുറ്റും കോൺക്രീറ്റ് പ്ലാറ്റ്ഫോം നിർമ്മിച്ച് കിണർ സംരക്ഷിക്കുന്നതിനും കിണറും പമ്പ്ഹൗസും ഉൾപ്പെടെയുള്ള സ്ഥലം ഷീറ്റ് റൂഫിംഗ് ചെയ്യുന്നതിനുമാണ് മേൽ പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ മേൽ പ്രവൃത്തികളെല്ലാം നിർവ്വഹിച്ചിട്ടുണ്ടെങ്കിലും മോട്ടോർ പ്രവർത്തിക്കുന്നതിനാവശ്യമായ ത്രീ ഫെയിസ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മോട്ടോർ പ്രവർത്തിക്കുവാനോ പുതുതായി സ്ഥാപിച്ചിട്ടുള്ള 40 എം.എം. എച്ച്.ഡി.പി.ഇ. പൈപ്പിലൂടെ വെള്ളം ടാങ്കിൽ എത്തിക്കുവാനോ കഴിയുന്നില്ല. ആയിനാൽ പദ്ധതി ഭാഗീകമായി മാത്രമാണ് ലക്ഷ്യംകണ്ടിട്ടുള്ളത്. പദ്ധതിയുടെ പൂർത്തീകരണത്തിനായി നടത്തിയുട്ടുള്ള തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 11.12.2024 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 20 ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ ത്രീ ഫെയിസ് വൈദ്യുതി കണക്ഷനും മറ്റ് അനുബന്ധി പ്രവർത്തനങ്ങളും ഏറ്റെടുക്കുവാൻ ഫണ്ടിന്റെ അപര്യാപ്തത ഉണ്ടായിരുന്നെന്നും 2024-25 വർഷം പദ്ധതിയുടെ തുടർ പ്രവർത്തനത്തിനാവശ്യമായ പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. കുടിവെള്ള പദ്ധതികൾ ഉൾപ്പെടെയുള്ള ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ഫണ്ടിന്റെ അപര്യാപ്തത ഉണ്ടെങ്കിൽ ബഹുവർഷ പദ്ധതിയായി ഏറ്റെടുത്ത് പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ മുഴുവൻ പ്രവൃത്തിയും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി ഏറ്റെടുക്കേണ്ടതാണ്. നിലവിൽ മോട്ടോർ സ്ഥാപിക്കുന്നതിനും 40എം.എം. എച്ച്.ഡി.പി.ഇ. പൈപ്പ് സ്ഥാപിക്കുന്നതിനുമായി ചെലവഴിച്ച ₹78387/- യുടെ യാതൊരു പ്രയോജനവും പൊതുജനങ്ങൾക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ₹78387/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ത്രീ ഫെയിസ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-21 കുടിവെള്ള പദ്ധതി പ്രവർത്തന രഹിതം

| | |
|---|---|
| പ്രോജക്റ്റ് | 228/24, തൂക്കുപാറ പൊതുകുളം മെയിന്റനൻസ്, കുടിവെള്ള സൗകര്യമൊരുക്കൽ, വാർഡ് - 8 |
| അടങ്കൽ | ₹268500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ശ്രീ.സജി മാത്യു |
| കരാർ നം./തീയതി | 94/AE/LID&EW/KJZY/2022-23/27.03.2023 |
| വൗച്ചർ നം./തീയതി/തുക | 1) 22301202/ 23.03.2024 ₹258860/- |

2018 ലെ പ്രളയത്തിൽ തകർന്നു പോയ ഇടത്തട്ട് കുടിവെള്ള പദ്ധതിയുടെ പൊതുകുളവും മോട്ടർ ഷെഡ്ഡും അറ്റകുറ്റപ്പണി നടത്തുന്നതിനും 2 എച്ച്.പി. മോട്ടോർ സ്ഥാപിക്കുന്നതിനും കുളത്തിൽ നിന്നും വാട്ടർ ടാങ്ക് വരെ പൈപ്പ് സ്ഥാപിക്കുന്നതിനുമായി ഏറ്റെടുത്തിട്ടുള്ള മേൽ പദ്ധതിയിൽ കുളത്തിലെ മണ്ണും ചളിയും നീക്കം ചെയ്ത് ചുറ്റുമതിൽ നിർമ്മിച്ച് 2 എച്ച്.പി. സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുകയും കുളത്തിൽ നിന്നും ടാങ്ക് വരെ 232 മീറ്റർ 40എം.എം. എച്ച്.ഡി.പി.ഇ. പൈപ്പ് സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ഓഡിറ്റ് വേളയിൽ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ നിലവിലുണ്ടായിരുന്ന 5000 ലിറ്ററിന്റെ രണ്ട് ടാങ്കുകളിൽ ഒന്ന് തകർന്ന നിലയിലും കുളത്തിൽ നിന്നുള്ള പൈപ്പ് വാട്ടർ ടാങ്കിന്റെ പരിസരത്ത് പോലും ഇല്ലാത്ത നിലയിലുമാണ്

കാണപ്പെട്ടത്. ഇത് സംബന്ധിച്ച് പരിസരവാസികളിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് 5000 ലിറ്ററിന്റെ ഒരു ടാങ്ക് സമീപത്തുള്ള മരം വീണ് തകർന്നതാണെന്നും വാട്ടർ ടാങ്കിലേക്കുള്ള പൈപ്പ് കാട്ടാന നശിപ്പിച്ച് കളഞ്ഞിട്ടുള്ളതാണെന്നും അറിയുവാൻ കഴിഞ്ഞു. നിലവിൽ പ്രസ്തുത കുടിവെള്ള പദ്ധതി പ്രവർത്തന രഹിതമായി കാണപ്പെടുന്നു. ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 11.12.2024 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 21 ന് മറുപടി ലഭ്യമാക്കിയതിൽ പദ്ധതിയുടെ വാട്ടർ ടാങ്കും പൈപ്പും നശിച്ച നിലയിൽ ആയത് നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായിരുന്നെന്നും പ്രസ്തുത അപാകത പരിഹരിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കണമെങ്കിൽ പുതിയ പദ്ധതി ഏറ്റെടുക്കേണ്ടതുണ്ടെന്നും ആയത് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ അപാകത അടിയന്തരമായി പരിഹരിച്ച് കുടിവെള്ളം ലഭ്യാക്കുന്നതിന് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 പൊതുമരാമത്ത് പ്രവൃത്തി കരാറുകാർക്ക് ₹36476/- അധികമായി നൽകി

താഴെ പറയുന്ന രണ്ട് പ്രവൃത്തികളിലായി പൊതുമരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് ₹36476/- അധികമായി നൽകിയിരിക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് | 291/24, നാലുകമ്പി അഞ്ചുകുടി റോഡ് കോൺക്രീറ്റ്- വാർഡ് -3 |
| അടങ്കൽ ₹650000/- | ₹300000/- (വികസന ഫണ്ട്)<br>₹350000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ശ്രീ.രാജീവ് പി.എസ്. |
| കരാർ നം./തീയതി | 51/AE/LID&EW/KJZY/2023-24/03.02.2024 |
| വൗച്ചർ നം./തീയതി/തുക | 1) 23100652010601566865/27.03.2024/₹300000/-<br>2) 22301324/30.03.2024/ ₹232841/-<br>ആകെ ₹532841/- |

മേൽ പ്രവൃത്തിയിൽ കരാറുകാരന് ആകെ നൽകുവാനുള്ള തുക താഴെ പറയും പ്രകാരം ₹497896/- മാത്രമാണ് എന്നാൽ മുകളിൽ ചേർത്തിട്ടുള്ള രണ്ട് ബില്ലുകൾ പ്രകാരം യഥാക്രമം ₹282528/-, ₹232841/- എന്നിങ്ങനെ ആകെ ₹515369/- കരാറുകാരന് നൽകിയിട്ടുണ്ട്. ₹17472/- അധികമായി നൽകിയിരിക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹436753/- |
| ജി.എസ്.ടി. @18% | ₹78616/- |
| ആകെ | ₹515369/- |
| **ബില്ലിൽ നിന്നും കറവ് ചെയ്യേണ്ട തുക** | |
| 1) സെൻട്രൽ ജി.എസ്.ടി.@1% | ₹4368/- |
| 2) സ്റ്റേറ്റ് ജി.എസ്.ടി. @1% | ₹4368/- |
| 3) ഇൻകം ടാക്സ് @1% | ₹4368/- |

| | |
|---|---|
| 4) ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. | ₹4368/- |
| ആകെ കുറവ് ചെയ്യേണ്ട തുക | ₹17472/- |
| കരാറുകാരന് നൽകേണ്ട ആകെ തുക | ₹497897/- |
| കരാറുകാരന് നൽകിയ തുക | ₹515369/- (282528+232841) |
| അധികം നൽകിയ തുക (515369-497897) | ₹17472/- |

2)

| | |
|---|---|
| പ്രോജക്ട് | 313/24, തള്ളക്കാനം ഏഴുകമ്പി റോഡ് കോൺക്രീറ്റ്-വാർഡ്- 10 |
| അടങ്കൽ ₹600000/- | ₹300000/- (വികസന ഫണ്ട്)<br>₹300000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ശ്രീ.രാജൻ വർഗീസ് |
| കരാർ നം./തീയതി | 72/AE/LID&EW/KJZY/2023-24/17.02.2024 |
| വൗച്ചർ നം./തീയതി/തുക | 1) 23100652010601560047/26.03.2024/₹300000/-<br>2) 22301322/30.03.2024/ ₹252893/-<br>ആകെ ₹552893/- |

മേൽ പ്രവൃത്തിയിൽ കരാറുകാരന് ആകെ നൽകുവാനുള്ള തുക താഴെ പറയും പ്രകാരം ₹514856/- മാത്രമാണ്. എന്നാൽ മുകളിൽ ചേർത്തിട്ടുള്ള രണ്ട് ബില്ലുകൾ പ്രകാരം യഥാക്രമം ₹280997/-,₹252893/- എന്നിങ്ങനെ ആകെ ₹533890/- നൽകിയിട്ടുണ്ട്. ₹19034/- അധികമായി നൽകിയിരിക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹452449 |
| ജി.എസ്.ടി. @18% | ₹81441 |
| ആകെ | ₹533890 |
| ബില്ലിൽ നിന്നും കറവ് ചെയ്യേണ്ട തുക | |
| 1) സെൻട്രൽ ജി.എസ്.ടി.@1% | ₹4525/- |
| 2) സ്റ്റേറ്റ് ജി.എസ്.ടി. @1% | ₹4525/- |
| 3) ഇൻകം ടാക്സ് @1% | ₹4524/- |
| 4) ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. | ₹4525/- |
| 5) ഫൈൻ | ₹905 |
| ആകെ കുറവ് ചെയ്യേണ്ട തുക | ₹19004 |
| കരാറുകാരന് നൽകേണ്ട ആകെ തുക | ₹514886/- |
| കരാറുകാരന് നൽകിയ തുക<br>(252893 +280997) | ₹533890/- |
| അധികം നൽകിയ തുക (533890 -514886) | ₹19004/- |

കരാറുകാർക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 11.12.2024 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 31 ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പദ്ധതികൾ വിവിധ ഫണ്ടുകൾ വകയിരുത്തി നിർവ്വഹണം നടത്തിയതിനാൽ ബിൽ തയ്യാറാക്കിയപ്പോൾ വന്നിട്ടുള്ള ക്ലറിക്കൽ തെറ്റുമൂലമാണ് അധിക തുക അനുവദിച്ചിട്ടുള്ളതെന്നും അധികമായി നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ ആകെ തുക ₹36476/- അതാത് കരാറുകാരിൽ നിന്നും ഈടാക്കി ഫണ്ടിൽ ഒടുക്കാത്ത അല്ലാത്ത പക്ഷം നഷ്ടതുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ₹36476/- യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-23 ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവർത്തികൾ -ടെണ്ടർ വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന മാർഗരേഖ പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടി ക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ മതിപ്പുവില ₹25000 രൂപക്ക് മുകളിലും ₹100000 രൂപക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കേണ്ടതാണ്.മതിപ്പുവില ₹100000 മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ തനതുഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചതിന് വൗച്ചർ നം. 22300138/15.5.2023 പ്രകാരം 36812/- രൂപ അശ്വിൻ ഹൈഫാബ് കഞ്ഞിക്കുഴി എന്ന സ്ഥാപനത്തിനും വൗച്ചർ നം. 22300268/13.6.2023 പ്രകാരം 100123/- രൂപ ,വൗച്ചർ നം. 22300238/6.6.2023 എന്നിവ പ്രകാരം 20374/- രൂപ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രിന്റിംഗ് ജോലികളുമായി ബന്ധപ്പെട്ട് ഫ്രണ്ട്സ് ഓഫ് സെറ്റ് പ്രസ് ചെറുതോണി എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/11.12.2024) മറുപടി ലഭ്യമായിട്ടില്ല. മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച ടെണ്ടർ നടപടി ക്രമങ്ങൾ രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ₹157309(36812+100123+20374) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-24 വെയിംഗ് മെഷീൻ -എം.സി.എഫ്-സ്ഥാപിച്ചിട്ടില്ല

| | |
|---|---|
| പദ്ധതി നമ്പർ | 163/24 |
| | |

| | |
|---|---|
| പദ്ധതി | വെയിംഗ് മെഷീൻ MCF |
| ബിൽനമ്പർ/ തിയതി/ തുക | XVFC/2023-24/P/61/23-3-24/13500 XVFC/2024-25/P/11 /11-4-24/1000 |
| അടങ്കൽ /ചെലവ് | 15000/14500 |

തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വെയിംഗ് മെഷീൻ MCF എന്ന പദ്ധതിയ്ക്കായി ധനകാര്യകമ്മിഷൻ ഗ്രാന്റ് ചെലവഴിച്ച് ജെം മുഖേന ഒരു വെയിംഗ് മെഷീൻ വാങ്ങിച്ചിരുന്നു എന്നാൽ 10-12-24 ൽ നടത്തിയ സ്ഥലപരിശോധനയിൽ വെയിംഗ് മെഷീൻ പഞ്ചായത്ത് കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 12/10-12-24 ന് ഗ്രാമപഞ്ചായത്ത് ബസ്ററാന്റ് കംഫർട്ട് സ്റേഷനോട് അനുബന്ധിച്ചുള്ള ചെറിയ മുറിയും പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള പഴയ അംഗൻവാടി കെട്ടിടവുമാണ് MCF ആയി ഉപയോഗിക്കുന്നതെന്നും 2024-25 സാമ്പത്തിക വർഷം MCF നിർമ്മാണം പദ്ധതി പൂർത്തിയാക്കി മെഷീൻ സ്ഥാപിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.പദ്ധതി പൂർത്തിയാക്കി വെയിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. മെഷീൻ പ്രവർത്തന ക്ഷമമാക്കുന്നതു വരെ ഓഡിറ്റ് വർഷത്തിൽ ഈ ഇനത്തിൽ ഈ ഇനത്തിനായി ചെലവു ചെയ്ത ₹13500/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.



**1-25 അഗ്നിശമനഉപകരണങ്ങൾ MCF കളിൽ -ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല**

| | |
|---|---|
| പദ്ധതി നമ്പർ | 157/24 |
| പദ്ധതി | അഗ്നിശമന ഉപകരണങ്ങൾ MCF കളിൽ |
| ബിൽ നമ്പർ/ | XVFC/2023-24/P/63/24-3- |

| | |
|---|---|
| തിയതി/ തുക | 24/27000 |
| അടങ്കൽ / ചെലവ് | 30300/27000 |

തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ അഗ്നിശമനഉപകരണങ്ങൾ MCFകളിൽ എന്ന പദ്ധതിയ്ക്കായി ധനകാര്യകമ്മിഷൻ ഗ്രാന്റ് - ചെലവഴിച്ച് ജെം മുഖേന 3 ഫയർ എക്റ്റിംഗ്യൂഷർ വാങ്ങിയെങ്കിലും അവ സ്ഥാപിക്കാതെ പഞ്ചായത്ത് കെട്ടിടത്തിൽ രണ്ട് എണ്ണവും ബസ്ററാന്റ് കംഫർട്ട് സ്റ്റേഷനിൽ ഒരെണ്ണവും സൂക്ഷിച്ചിരിക്കുന്നതായി 10-12-24 ൽ നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി .ടി ഉപകരണങ്ങൾ വാങ്ങിയകാലയളവിൽ MCF ആയി ഉപയോഗിച്ചിരുന്ന ബസ്റ്റാന്റ് കംഫർട്ട് സ്റ്റേഷനോട് അനുബന്ധിച്ചുള്ള ചെറിയ മുറിയിലാണ് ഇവ സൂക്ഷിച്ചിരുന്നതെന്നും സ്ഥലപരിമിതിമൂലമാണ് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം MCF നിർമ്മാണം നടപ്പാക്കുന്ന മുറയ്ക്ക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതാണെന്നും എൻകയറി നംപർ 13/10-12-24 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാക്കുന്നതു വരെ ഇതിനായി ചെലവ് ചെയ്ത ₹27000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.





## 1-26 MCF ന് ബെയിലിംഗ് മെഷീൻ വാങ്ങൽ -മെഷീൻ സ്ഥാപിച്ചിട്ടില്ല

| | |
|---|---|
| പദ്ധതി നമ്പർ | 280/24 |
| പദ്ധതി | MCF ന് ബെയിലിംഗ് മെഷീൻ വാങ്ങൽ |
| ബിൽ നമ്പർ/ തിയതി/ തുക | 1)340549/Central Share<br>2)XVFC/2023-24/P/62/23-3-24/145950/(CFC GRANT) |

| | |
|---|---|
| അടങ്കൽ / ചെലവ് | 600000/486499 |

തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ MCF ന് ബെയിലിംഗ് മെഷീൻ വാങ്ങൽ പദ്ധതിയ്ക്കായി ധനകാര്യകമ്മിഷൻ ഗ്രാന്റ് ,കേന്ദ്രവിഹിതം എന്നിവ ചെലവഴിച്ച് ജെം മുഖേന ബെയിലിംഗ് മെഷീൻ വാങ്ങിയിരുന്നു. എന്നാൽ മെഷീൻ സ്ഥാപിക്കാതെ പഞ്ചായത്ത് വക ബസ് സ്റ്റാന്റ് കെട്ടിടത്തിന്റെ വരാന്തയിൽ സൂക്ഷിച്ചിരിക്കുന്നതായി 10-12-24 ൽ നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ഗ്രാമപഞ്ചായത്തിന് നിലവിൽ ബസ്ററാന്റ് കെട്ടിടത്തോടനുബന്ധിച്ച ചെറിയ മുറിയിലാണ് MCF പ്രവർത്തിക്കുന്നതെന്നും അവിടെ സ്ഥലപരിമിതിമൂലമാണ് മെഷിൻ വയ്ക്കാത്തത് എന്നും പുതിയ MCF നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കും എന്ന പ്രതീക്ഷയിലാണ് മെഷിൻ വാങ്ങിയത് എന്നും എൻക്വയറി നമ്പർ 16/10-12-24 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ പദ്ധതികൾ നടപ്പാക്കിയതിലെ അപാകത മൂലമാണ് ഇപ്രകാരം ബെയ് ലിംഗ് മെഷിൻ പൊതുസ്ഥലത്ത് സൂക്ഷിക്കേണ്ടിവന്നതും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാതെ വന്നതും . ആയതിനാൽ പ്രവർത്തനയോഗ്യമായ MCF നിർമ്മിക്കുകയോ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന മെഷിനറികൾ നഷ്ടമാകാതെ സൂക്ഷിക്കാൻ നടപടികൾ ഭരണസമിതി തലത്തിൽ നടപടികൾ കൈക്കൊള്ളുകയോ ചെയ്യേണ്ടതാണ്. മെഷിനറി പ്രവർത്തന ക്ഷമമാക്കുന്നതുവരെ ഇതിനായി ചെലവഴിച്ച ₹486499/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.



## 1-27 പകർച്ചവ്യാധി പ്രതിരോധം-ഫോഗിങ്ങ് മെഷീൻ ഇന്ധനച്ചെലവിനാസ്പദമായ കൃത്യമായ രേഖകൾ ലഭ്യമാക്കിയില്ല

| | | |
|---|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,സിഎച്ച്സി കഞ്ഞിക്കുഴി | |
| പദ്ധതി,നം. | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ,285 | പകർച്ചവ്യാധി പ്രതിരോധം, 44 |
| അടങ്കൽ₹ | 100,000/- (ഹെൽത്ത് ഗ്രാന്റ്) | 200,000/- (പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ്₹ | 37000/-<br>330, 20-03-24 | 199020/-<br>23100652008500726561/02-11-23/68100 |

| | | |
|---|---|---|
| | | 23100652008501165637/03-02-24/98820<br>23100652008501385576/14-03-24/32100 |

പ്രൊജക്റ്റ് നം. 285 പ്രകാരം പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫോഗിങ്ങ് നടത്തുന്നതിന് വാഹന വാടകയിനത്തിൽ എട്ട് ദിവസത്തേക്കായി ₹ 16,000/-, ഫോഗിങ്ങ് യന്ത്രത്തിന് പെട്രോൾ ,ഡീസൽ വാങ്ങുന്നതിനായി ₹15000/-, കൂലിയിനത്തിൽ ₹6000/- എന്നിങ്ങനെ ആകെ ₹37000/- മേൽ സൂചിത ബിൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. വാഹന ഡ്രൈവർ തന്നെയാണ് ഇന്ധനം വാങ്ങി ബില്ലുൾപ്പെടെ ഹാജരാക്കി ആതിനുള്ള വില കൈപ്പറ്റിയിട്ടുള്ളത്. പ്രതിദിനം 25.5 ലിറ്റർ ഡീസലും 4.62 ലിറ്റർ പെട്രോളും ഈദിവസങ്ങളിൽ വാങ്ങിയതിനുള്ള തുകയാണ് നൽകിയരിക്കുന്നത്.

പ്രൊജക്റ്റ് നം. 44 പ്രകാരം പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫോഗിങ്ങ് നടത്തുന്നതിന് 19ദിവസത്തേക്കായി പ്രതിദിനം 25.5 ലിറ്റർ ഡീസലും 4.62 ലിറ്റർ പെട്രോളും ചെലവഴിച്ചതായുള്ള ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. ഇന്ധന ചെലവിന് ഉപോൽബലകമായ - ഫോഗിങ്ങ് മെഷീൻ പ്രവർത്തിപ്പിച്ച - സമയം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. യന്ത്രം ഉപയോഗിച്ച എല്ലാ ദിവസങ്ങളിലും സന്ധ്യാ സമയത്താണ് ഫോഗിങ്ങ് നടത്തിയിട്ടുള്ളത്. പ്രതിദിനം 25.5 ലിറ്റർ വീതം ഡീസൽ വാങ്ങിയതായാണ് രേഖകൾ ഉള്ളത്. എന്നാൽ എത്ര ലിറ്റർ ഇന്ധനം ചെലവായി ,ബാലൻസ് എത്ര എന്നതിനൊന്നും ആധികാരികമായ രേഖകൾ പരിശോധനക്ക് ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.-28/11-12-2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ നിർവ്വഹണോദ്യോഗസ്ഥന്റെ അവസരോചിതമായ ഇടപെടലുകളും മേൽനോട്ടവും ഉറപ്പാക്കേണ്ടതാണ്. കൃത്യമായ രേഖകൾ ഹജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ചെലവു തുകകൾ കൈമാറേണ്ടതാണ് . അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സിഎച്ച് സി കഞ്ഞിക്കുഴി |
| പദ്ധതിയുടെ പേര്,നം. | പാലിയേറ്റീവ് കെയർ, 30 |
| അടങ്കൽ₹ | 1100000/- |
| ചെലവ് ₹<br>ബിൽ നം.തീയതി,തുക | 1098899/-<br>231231006520085000652008500236982/24-06-2023/96140<br>23100652008500282351/06-07-2023/49070<br>23100652008500402883/05-08-2023/49950<br>23100652008500525095/07-09-2023/51630<br>23100652008501054254/10-01-2024/63920<br>23100652008500632341/07-10-2023/50030<br>23100652008500726554/02-11-2023/56240 |

| | |
|---|---|
| | 231006520085008965O2/06-12-2023/64480 |
| | 231006520085011656З0/03-02-2024/64080 |
| | 23100652008501324533/05-03-2024/68122 |
| | 23100652008501516294/25-03-2024/64950 |
| | 23100652008501394763/18-03-24/420287 |

പദ്ധതി നിർവ്വഹണം നടത്തിയപ്പോൾ സംഭവിച്ച പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് കെയർ ആവശ്യത്തിനായുള്ള വാഹനത്തിന് കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ശ്രീ,ബിനോയ് പൗലോസിന് നിർവ്വഹണോദ്യോഗസ്ഥൻ ക്വട്ടേഷൻ ഉറപ്പിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തതായ രേഖകളില്ല. പാലിയേറ്റീവ് ഡ്രൈവറുമായി വാഹനവാടക, കാലയളവ്, മറ്റ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് മെഡിക്കൽ ഓഫീസർ കരാർ ചമച്ചിട്ടില്ല.

2. പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ₹304,000/- (48000+25600+25600+25600+32000+25600+25600+32000+32000+32000) ആണ് വാഹന വാടകയായി സാമ്പത്തിക വർഷത്തിൽ ഡ്രൈവർക്ക് ലഭിച്ചിട്ടുള്ളത്. 1961 ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തിൽ അധികരിക്കുന്ന കരാർ സേവനങ്ങൾക്ക് വ്യക്തികളിൽ നിന്നും 1% ആദായനികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. പരാമർശിത വ്യക്തിക്ക് തുക കൈമാറിയപ്പോൾ 1% TDS ഈടാക്കിയിട്ടില്ല.

3. പാലിയേറ്റീവ് നഴ്സിന്റെ കരാർ 2023-24 ൽ പുതുക്കിയിരുന്നില്ല.

4. പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിലെ ഗ്രാമപഞ്ചായത്തുകൾ അനിവാര്യമായി വിഹിതം വകയിരുത്തേണ്ട പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രാഥമിക പാലിയേറ്റീവ് പരിചരണ സംവിധാനത്തിന്റെ ഖണ്ഡിക 2.9.1. പ്രകാരം പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിനു മുൻപും പിഎംസി രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ അവശ്യാനുസരണമോ യോഗം ചേരേണ്ടതുമാണ്. പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും പിഎംസിയുടെ ചുമതലയാണ്. ഓരോ മാസത്തെയും വരവ് -ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പിഎംസി ആയത് അംഗീകരിക്കേണ്ടതുമാണ്. പിഎംസി യോഗം രണ്ടു മാസത്തിലൊരിക്കലോ ആവശ്യം വരുന്ന പക്ഷമോ ചേരേണ്ടതാണെന്ന നിബന്ധന പാലിച്ചിട്ടില്ലെന്ന് പിഎംസി മിനിട്ട്സ് പരിശോധനയിൽ കാണുന്നു. സിഎച്ച്സി കഞ്ഞിക്കുഴിയുടെ പിഎംസി 2023-24 ൽ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പിഎംസി കൃത്യമായ കാലയളവുകളിൽ യോഗം ചേരുന്നില്ലെന്ന് കൂടാതെ വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത യോഗങ്ങളിൽ അവതരിപ്പിക്കുന്നുമില്ല. മിനിട്ട്സ് എഴുതി പൂർത്തിയാക്കി മെമ്പർ സെക്രട്ടറി ഒപ്പു രേഖപ്പെടുത്തുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതും പാലിയേറ്റീവ് രോഗപരിചരണം സംബന്ധിച്ച മേൽനോട്ട നടപടികൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 11/10-12-2024)

## 1-29 ലൈഫ് ഭവന പദ്ധതി -ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന നിർമ്മാണ പ്രകാരം സബ്സിഡിയുടെ ആദ്യ ഗഡുക്കൾ കൈപ്പറ്റി നാളിതു വരെ പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | വിഭാഗം | കരാർ തീയതി | കൈപ്പറ്റിയ ആനുകൂല്യം | ഭവന നിർമ്മാണ സ്റ്റേജ് |
|---|---|---|---|---|---|
| 1 | കൃഷ്ണൻകുട്ടി ഉഴത്തിൽ ,തട്ടേക്കണ്ണി | പട്ടികജാതി | 15-06-2023 | 40,000 | നിർമ്മാണം ആരംഭിച്ചില്ല |
| 2 | വിജയലക്ഷ്മി സുനിൽ തകരകുറ്റിയിൽ ചേലച്ചുവട് പി.ഒ | പട്ടികജാതി | 19-09-2023 | 40,000 | നിർമ്മാണം ആരംഭിച്ചില്ല |
| 3 | ജനാർദ്ദനൻ, തേരയിൽ,ഉടുമ്പന്നൂർ | പട്ടികവർഗ്ഗം | 28-03-2023 | 40,000 | നിർമ്മാണം ആരംഭിച്ചില്ല |
| 4 | സുമ ബാലകൃഷ്ണൻ, അറക്കൽ ,കഞ്ഞിക്കുഴി | പട്ടികവർഗ്ഗം | 02-06-2023 | 40,000 | നിർമ്മാണം ആരംഭിച്ചില്ല |
| 5 | ധനേഷ് വട്ടത്തുരുത്തേൽ പഴയരിക്കണ്ടം പി.ഒ. | പട്ടികവർഗ്ഗം | 21-01-2022 | 250,000 | തറ |

പ്രസ്തുത വ്യക്തികളുടെ ഭവന നിർമാണത്തിലെ പുരോഗതി ഭരണസമിതി തലത്തിൽ വിലയിരുത്തി അത് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വീട് പണി പൂർത്തീകരിക്കാത്ത പക്ഷം ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് ഒടുക്കി വിവരമറിയിക്കേണ്ടതുമാണ്.

## 1-30 സിഎച്ച്സി കഞ്ഞിക്കുഴി - വാഹന ഉപയോഗം- കൃത്യമായ മോണിട്ടറിങ്ങ് നടത്താതെ വാഹന വാടക നൽകി

കഞ്ഞിക്കുഴി സിഎച്ച്സിയുടെ വിവിധ പദ്ധതികളുടെ ആവശ്യത്തിനായി വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ സൂചിപ്പിക്കുന്നു.

1. പാലിയേറ്റീവ് കെയർ പദ്ധതിയുടെ കരാർ ഡ്രൈവറായ ശ്രീ.ബിനോയ് പൗലോസിന് ഒരേ ദിവസം തന്നെ വിവിധ പദ്ധതി ആവശ്യങ്ങൾക്കായി വാഹനം ഓടിയ വകയിൽ വേതനം നൽകിയിട്ടുണ്ട്. . ഉദാഹരണം ചുവടെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ₹ ചെലവ്₹ | ബിൽ നം.തീയതി.തുക | വാഹനം ഉപയോഗിച്ച തീയതി ട്രിപ് ഷീറ്റ് പ്രകാരം | ട്രിപ് ഷീറ്റ് പ്രകാരമുള്ള വിശദീകരണം | പ്രതിദിനം നൽകിയ തുക₹ |
|---|---|---|---|---|---|
| പാലിയേറ്റീവ് കെയർ പദ്ധതി | 1100000 1098899 | 231006520085013855576/ 14-03-24/32100 | 06-03-2024 | 8am, സിഎച്ച്സി കഞ്ഞിക്കുഴി തട്ടേക്കല്ല്, പൊത്തെടുത്താൽ, വെൺമണി, പുന്നയാർ -- | 1600 |

| | | | | | |
|---|---|---|---|---|---|
| പകർച്ച വ്യാധി പ്രതിരോധം | 200000<br>199020 | 23100652008501544210/<br>25-03-24/125116 | 06-03-2024 | 9 Am, സിഎച്ച്സി കഞ്ഞിക്കുഴി കഞ്ഞിക്കുഴി, പഴയരിക്കണ്ടം, വെൺമണി- മൈലപ്പുഴ ,--- | 1500 |
| അതിദരിദ്രവിഭാഗത്തിൽ പെട്ടവർക്ക് മരുന്ന് | 150000<br>125116 | 23100652008501516294/<br>25-03-2024/64950 | 06-03-2024 | 9.30 Am സിഎച്ച് സിയിൽ നിന്നും തള്ളക്കാനം -ചേലച്ചുവട്, ചുരുളിപ്പതാൽ, കണ്ണാടിക്കവല . ഒഴുവടികോളനി, സിഎച്ച്സി | 3000 |

ഒരേ ദിവസങ്ങളിൽ ഏകദേശം ഒരേ സമയം തന്നെ വിവിധ സ്ഥലങ്ങളിലേക്കും വിവിധ ആവശ്യങ്ങൾക്കുമായി വാഹനം ഓടിയതായി സൂചിപ്പിച്ച് ബിൽ മാറിയിട്ടുണ്ട്. മറ്റു ചില ദിവസങ്ങളിൽ ഇതേ അപാകതകൾ ആവർത്തിച്ചിട്ടുണ്ട്. ഇത്തരത്തിൽ പാലിയേറ്റീവ് ആവശ്യത്തിനുപയോഗിക്കുന്ന വാഹനം ഒരേ ദിവസം പല പ്രകാരത്തിലുള്ള ട്രിപ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ വിവിധ ആവശ്യങ്ങൾക്ക് ഓടിയതിനായി ഒരേ വ്യക്തിക്ക് തന്നെ പ്രതിഫലം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 15/10-12-2024 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥന്റെ കൃത്യമായ മേൽനോട്ടത്തിന്റെ അഭാവം പദ്ധതി ചെലവുകളിൽ പ്രതിഫലിക്കുന്നു. വാഹന വാടക , അനുബന്ധ ചെലവുകളിൽ മിതത്വം പാലിക്കുന്നതിനും പദ്ധതികൾക്ക് കൃത്യമായ മേൽനോട്ടം വഹിക്കുന്നതിനുമായി ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നതിനും നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 വിവിധ പദ്ധതികൾക്കായി ഒരേ വാഹനം തന്നെ വ്യത്യസ്ത നിരക്കിൽ ഉപയോഗിച്ചു

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ആവശ്യത്തിനായി ₹1600/- എന്ന കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ലഭ്യമാക്കിയ ശ്രീ.ബിനോയ് പൗലോസ് എന്നയാളുടെ വാഹനമാണ് ഉപയോഗിക്കുന്നത്. ടിയാളുമായി വാഹന ഉപയോഗത്തിലെ കാലയളവ്, വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ കരാർ ചമക്കേണ്ടതായിരുന്നുവെങ്കിലും ആയത് 2023-24 വർഷത്തിൽ ചെയതിട്ടില്ല.മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന മറ്റ് പദ്ധതികൾക്കായി ഫോഗിങ്ങ് നടത്തുന്നതിനും ,പൾസ് പോളിയോ ഇമ്യൂണൈസേഷൻ ,മെഡിക്കൽ ക്യാമ്പുകൾ. തുടങ്ങിയവയുമായി ബന്ധപ്പെട്ട യാത്രകൾക്കും, പാലിയേറ്റീവ് കെയർ പദ്ധതിയുടെ വാഹനം വിവിധ ദിവസങ്ങളിൽ വിവിധ നിരക്കിൽ ഉപയോഗിച്ചതായി ( ₹2000/-, ₹2500/-, ₹3000/-, ₹3500/-) പദ്ധതി ഫയലുകളുടെ പരിശോധനയിൽ കണ്ടു. ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്കിൽ വാഹനം ലഭ്യമാക്കി ഉപയോഗിക്കുകയോ അല്ലാത്ത പക്ഷം പാലിയേറ്റീവ് ആവശ്യത്തിനുപയോഗിക്കുന്ന വാഹനം മറ്റാവശ്യങ്ങൾക്കു കൂടി ലഭ്യമാക്കേണ്ടതാണ് എന്ന് കരാർ പ്രകാരം പാലിയേറ്റീവ് കെയർ ഡ്രൈവർക്ക് നിർദ്ദേശം നൽകുകയോ , അല്ലാത്ത പക്ഷം നെഗോസിയേഷനിലൂടെയോ ടി വാഹനം പാലിയേറ്റീവ് കെയറിനുപയോഗിക്കുന്ന അതേ നിരക്കിൽ ഉപയോഗിക്കുകയോ ചെയ്യേണ്ടതായിരുന്നു. എന്നാൽ എത്ര കിലോമീറ്റർ വാഹനം ഓടി എന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ പോലും ഇല്ലാതെ ലഭ്യമാക്കിയ ട്രിപ് ഷീറ്റ് പ്രകാരമുള്ള തുക വാഹന വാടകയായി നൽകിയിരിക്കുന്നു. പാലിയേറ്റീവ് വാഹനത്തിന്റെ ക്വട്ടേഷൻ നിരക്കിൽ തന്നെ ടി വാഹനം സിഎച്ച്സിയുടെ മറ്റ് പദ്ധതി ആവശ്യങ്ങൾക്കും ഉപയുക്തമാക്കുന്ന രീതി നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ചില്ല. അതേ നിരക്കിൽ തന്നെ വാഹനം മറ്റ് പദ്ധതികൾക്കും ഉപയോഗിച്ചതെങ്കിൽ ₹1600/- എന്ന പാലിയേറ്റീവ് ക്വട്ടേഷൻ പ്രകാരമുള്ള പ്രതിദിന നിരക്കിൽ വാഹന ഉപയോഗം സാധ്യമാവുകയും അതു വഴി പാഴ്ചെലവ് കുറക്കുകയും ചെയ്യാമായിരുന്നു. അപാകതകൾ സംബന്ധിച്ച്

നൽകിയ അന്വേഷണക്കുറിപ്പിന് (നം.11/10-12-2024) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ പദ്ധതി നിർവ്വഹണത്തിൽ മേൽ സൂചിത അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

**1-32 വീടിനോടനുബന്ധിച്ച് റൂം നിർമ്മാണം പദ്ധതി- സർക്കാർ അനുമതി രേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി,നം. | വരുൺ ഗോപാലൻ ,കണ്ടത്തിൻകര എന്ന വ്യക്തിക്ക് വീടിനോടനുബന്ധിച്ച് റൂം നിർമ്മാണം,17 |
| അടങ്കൽ₹ | 320,000/-(മറ്റ് ഗ്രാമപഞ്ചായത്ത്ഫണ്ട്) |
| ചെലവ്₹<br>ബിൽ നമ്പർ,തീയതി,തുക | 320,000/-<br>17/24-06-2023/100,000/-<br>53/19-09-2023/120,000/-<br>92/02-11-2023/60000/-<br>328/20-03-2024/40000/- |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022തസ്വഭവ തീയതി 28-05-2022 പ്രകാരം മേൽ സൂചിത പദ്ധതി നടപ്പാക്കുന്നതിന് നിർദ്ദേശമില്ലാത്തതാകയാൽ സർക്കാരിന്റെ പ്രത്യേക അനുമതിയോടു കൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ. ടി പദ്ധതി ആവിഷ്കരിച്ചിരിച്ചപ്പോൾ, വീടിനോട് ചേർന്ന് നിർമ്മിക്കേണ്ട മുറിയുടെ വിസ്തീർണ്ണം ,സൗകര്യങ്ങൾ എന്നിവ പ്രൊജക്ടിൽ സൂചിപ്പിച്ചിട്ടില്ല . പദ്ധതി പ്രകാരം വരുൺ ഗോപാലൻ, കണ്ടത്തിൻകരയിൽ, മഴുവടി എന്ന ആൾക്ക് വീടിന് റൂം നിർമ്മാണം എന്ന പദ്ധതിക്കായി മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം ₹320,000/- തനത് ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ട്. ടിയാൾ അപകടത്തേത്തുടർന്ന് നടക്കുവാൻ കഴിയാതെ വീൽ ചെയർ ഉപയോഗിക്കുന്ന ആളാണെന്നാണ് പദ്ധതി സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. എൽഎസ്ജിഡി ഓവർസിയർ /എഇ യുടെ എസ്റ്റിമേറ്റ് മുറി നിർമ്മാണത്തിനായി ലഭ്യമാക്കേണ്ടതാണെങ്കിലും ആയത് അപേക്ഷയോടൊപ്പം ഇല്ല. മുറി നിർമ്മാണം പൂർത്തിയാക്കിയതായുള്ള എഇ യുടെ വാല്യുവേഷൻ പ്രകാരം 20-03-2024 ന് ആനുകൂല്യ തുകയുടെ അവസാന ഗഡുവും ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തെ സ്ഥല പരിശോധന വേളയിൽ കാണാൻ കഴിഞ്ഞത് അംഗപരിമിതനായ ഗുണഭോക്താവിന് വീൽചെയർ ഉപയോഗിച്ച റൂമിലേക്ക് പ്രവേശിക്കുന്നതിനാവശ്യമായ റാംപ് നിർമ്മാണം അതേ ദിവസം (സ്ഥല പരിശോധന ദിവസം) തന്നെ നടന്നു കൊണ്ടിരിക്കുന്നതായാണ്. ടോയ് ലറ്റ് നിർമ്മാണം പൂർത്തിയായതായി കാണുന്നുവെങ്കിലും വാട്ടർ കണക്ഷൻ ഇല്ലാത്തതിനാൽ ഉപയോഗക്ഷമമല്ല. റൂമിൽ വയറിങ്ങ് നടത്തിയെങ്കിലും വൈദ്യുതി കണക്ഷനും ലഭ്യമല്ല. അവസാന ഗഡു ആനുകൂല്യത്തുക കൈപ്പറ്റി നാളിതു വരെയായിട്ടും മുറി ഉപയോഗയോഗ്യമായിട്ടില്ല. മറ്റ് പദ്ധതികളിൽ നിന്നും വിഭിന്നമായി ആനുകൂല്യത്തുക കൂടുതലുള്ളതും സബ്സിഡി മാർഗ്ഗരേഖ പ്രകാരമല്ലാത്തതുമായ ടി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതും പണി പൂർത്തീകരിക്കാതെ മുഴുവൻ ആനുകൂല്യം വിതരണം ചെയ്തതും സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നം.34/12-12-2024 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ടി പദ്ധതി- മുൻ വർഷങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം നടത്തിയതായാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ചെലവ് വിവരങ്ങൾ ഉൾപ്പടെയുള്ള സർക്കാർ അനുമതി ലഭ്യമാണെങ്കിൽ ടി വിവരവും ചെലവ് സംബന്ധിച്ച മറ്റു വിവരങ്ങളും അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ പദ്ധതി ചെലവു തുക ₹320,000/- തടസ്സപ്പെടുത്തുന്നു.

## 1-33 ഹരിതകർമ്മസേന പ്രവർത്തനങ്ങൾ - ക്ലീൻ കേരള കമ്പനിക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ബിൽ പ്രകാരമല്ലാതെ തുക നൽകി-

ഹരിതകർമ്മസേന പ്രവർത്തനങ്ങൾ എന്ന പദ്ധതി പ്രകാരം ക്ലീൻ കേരള കമ്പനിക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ഒരേ ബിൽ പ്രകാരം രണ്ട് തവണ പ്രതിഫലം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി,നം. | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ, 212/24(SO) |
| അടങ്കൽ ₹ | 1175608/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് ₹<br>ബിൽ നമ്പർ/വൗച്ചർ നം. തീയതി, തുക | 3,64,222/-<br>43,21-08-2023, 67378/-<br>54,19-09-23/26650/- (വൗച്ചർ നം.22300609/03-10-2023)<br>146, 19-12-2023/61650/- (വൗച്ചർ നം.22300880/28-12-2023)<br>285,11-03-2024/77300/-<br>329/20-03-24/86395/-<br>79/20-10-2023/11760<br>150/21-12-2023/33089 |

മേൽ സൂചിത ചെലവുകളിൽ 54,19-09-23/₹26650/-(വൗച്ചർ നം.22300609/03-10-2023) എന്നതും 146, 19-12-2023/₹61650/(26650+35000) (വൗച്ചർ നം.22300880/28-12-2023)- എന്നതും 26-05-2023 ലെ D23/SER23-24/199/₹26650/- എന്ന ഒരേ ടാക്സ് ഇൻവോയ്സ് അടിസ്ഥാനപ്പെടുത്തിയാണ് മാലിന്യം നീക്കുന്നതിനുള്ള പ്രതിഫലം നൽകിയിട്ടുള്ളത്. അത് പ്രകാരം ലഭ്യമാക്കാത്ത ബില്ലിന്മേൽ ₹26650/- അധികമായി നൽകിയിരിക്കുന്നു. അപാകത സംഭവിച്ചതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 30/11-12-2024ന് മറുപടി ലഭ്യമാക്കിയില്ല. ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയ ബില്ലിൽ അധികരിച്ച് നൽകിയ ₹26650/- തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-34 തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ സപ്ലൈ ടെണ്ടർ നടപടിയിൽ അവ്യക്തത

2023-34 സാമ്പത്തിക വർഷത്തേക്ക് തൊഴിലുറപ്പ് പദ്ധതി വഴി നടപ്പാക്കുന്ന റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് ആവശ്യമായ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയും പ്രകാരം നിക്കുകൾ രേഖപ്പെടുത്തി ടെണ്ടറുകൾ ലഭിച്ചിരുന്നു.

| ക്രമ | പേര് | നിരക്ക് (₹) | റിമാർക്സ് |
|---|---|---|---|
| 1 | ഷിജു തോമസ് | 13013832.29 | L1 |
| 2 | നിയോൺ ടെക്നോളജീസ് | 13496487.60 | L3 |
| 3 | ഡോൺ ബ്രിഡ്ജ് | 14902563.92 | L5 |
| 4 | ജെ.ജെ.അസോസിയേറ്റ്സ് | 14879739.92 | L4 |
| 5 | സജി തോമസ് | 13417924.21 | L2 |

മേൽ ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഷിജു തോമസ് എന്നയാളുടെ ടെണ്ടർ അംഗീകരിക്കാതെ സജി തോമസ് എന്നയാളിന്റെ ടെണ്ടർ അംഗീകരിച്ച് നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 11.12.2024 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 31 മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ഭരണ സമിതി പ്രത്യേകമായി ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-35 തൊഴിലുറപ്പ് പദ്ധതി- വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിൽ മോണിറ്ററിംഗ് ഫലപ്രദമല്ല.

2023-24 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി താഴെ പറയുന്ന വിധം വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സോക്പിറ്റ് | 21 |
| 2 | ആട്ടിൻകൂട് | 5 |
| 3 | കാലിത്തൊഴുത്ത് | 11 |
| 4 | കിണർ | 17 |
| 5 | ഫാം കിണർ | 1 |

ഗ്രാമ പഞ്ചായത്തിൽ 2024-25 ൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ സംബന്ധിച്ച്, പ്രത്യേകിച്ച് കിണർ നിർമ്മാണത്തിന് തുക അനുവദിക്കുന്നതിൽ ക്രമക്കേട് നടക്കുന്നതായി നിരവധി പരാതികളും പത്രവാർത്തയും വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ കേവലം ഫയൽ പരിശോധനയിൽ മാത്രം ഇപ്രകാരമുള്ള ക്രമക്കേട് കണ്ടെത്തുവാൻ കഴിയില്ല. ഈ സാഹചര്യത്തിൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ച മേൽ പദ്ധതികളുടെ ഫീൽഡ് പരിശോധന ഉൾപ്പെടെയുള്ള പരിശോധനകൾ നടത്തി അനർഹരായവർക്ക് ആനുകൂല്യം നൽകിയിട്ടില്ലെന്ന് ഉറപ്പാക്കുവാൻ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 20.05.2023 ലെ സ.ഉ(സാധാ) നം.1068/2023/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനനുസൃതമായി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ച് കൊണ്ട് മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ എത്രത്തോളം നടപ്പാക്കുവാൻ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിനായി എന്നത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നു.

ഇടുക്കി ജില്ലയിൽ കാർഷിക മേഖലയിൽ ഊന്നിയ സമ്പദ് ഘടനയുള്ള ഗ്രാമപഞ്ചായത്താണ് കഞ്ഞിക്കുഴി. ഭൂമിശാസ്ത്രപരമായ പ്രത്യേകതയും കാലാവസ്ഥയും ജനങ്ങളുടെ ജീവിത നിലവാരവുമൊക്കെ മാലിന്യത്തിന്റെ തോത് രൂപപ്പെടുന്നതിൽ പങ്ക് വഹിക്കുന്നുണ്ട്. വലിയ തരത്തിലുള്ള വ്യവസായ സ്ഥാപനങ്ങളോ സംരംഭ പ്രവർത്തനങ്ങളോ പൊതുചന്തകളോ പരിസ്ഥിതിയെ മലിനപ്പെടുത്തുന്ന വലിയ വ്യവസായ കേന്ദ്രങ്ങളോ ഗ്രാമപഞ്ചായത്തിലില്ല. ഇന്നത്തെ ജീവിത ശൈലിയുടെ ഭാഗമായി അജൈവ മാലിന്യത്തിന്റെ അളവ് പരിസ്ഥിതിയ്ക്ക് ആഘാതമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കേണ്ടത് അനിവാര്യമാണ്. വീടുകളിലും സ്ഥാപനങ്ങളിലും

പൊതുസ്ഥാപനങ്ങളിലും രൂപപ്പെടുന്ന അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ച് ,തരം തിരിച്ച് , സംഭരിച്ച് പുനരുപയോഗത്തിനും പുനചംക്രമണത്തിനും കൈമാറുന്നതിന് കുടുംബശ്രീയുടെ മേൽ നോട്ടത്തിൽ ഹരിത കർമ്മ സേന പ്രവർത്തിച്ചു വരുന്നു.

**1) അടിസ്ഥാന വിവരം**

പതിനെട്ട് വാർഡുകൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 26809 ആണ്. ആകെ 6500 വീടുകളും 348 വാണിജ്യ സ്ഥാപനങ്ങളുമാണുള്ളത്. നിലവിൽ 46 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഒരു വാർഡിലെ അംഗങ്ങൾക്ക് ഒരു ദിവസം സേവനങ്ങൾ നൽകാൻ സാധിക്കുന്ന തരത്തിൽ കുറച്ച് വീടുകൾ അടങ്ങുന്ന ഓരോ ക്ലസ്റ്ററുകളായി വിഭജിച്ച് മാലിന്യം ശേഖരിച്ചു വരുന്നു.

**2)മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സംവിധാനങ്ങൾ**

മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തിൽ 1 എം.സി.എഫ്(താൽക്കാലികം), വിവധ വാർഡുകളിലായി 18 മിനി എം.സി.എഫുകൾ എന്നിവ പ്രവർത്തിക്കുന്നു. എംസിഎഫിൽ ശുചിമുറി, വൈദ്യുതി, ജലം, സ്റ്റോറേജ്, വെയിംഗ് മെഷിൻ, റോഡ് സൗകര്യം, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നീ സൗകര്യങ്ങൾ ലഭ്യമല്ല. വെയിംഗ് മെഷിൻ, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നിവ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികളായിട്ടില്ല. അജൈവ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥല വിസ്തൃതിയും സൗകര്യവും എംസിഎഫിൽ നിലവിലില്ല.എം സി എഫിനു പുറത്തും മാലിന്യങ്ങൾ ശേഖരിച്ചു വച്ചിട്ടുള്ളത് പട്ടി പൂച്ച തുടങ്ങിയ ജീവികൾ കടിച്ച് വലിച്ചിട്ടിരിക്കുന്നു. ശേഖരിക്കുന്ന മാലിന്യങ്ങൾ എം സി എഫിനുള്ളിൽ തന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**3) ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ**

2017 ൽ ഹരിത കർമ്മ സേന ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു. ആകെ 46 സേനാംഗങ്ങളാണ് നിലവിലുള്ളത്. മാലിന്യ പരിപാലനത്തിന്റെ ബോധവല്ക്കരണ പരിപാടികൾ ജനങ്ങൾക്ക് എത്തിക്കുക ആയിരുന്നു പ്രവർത്തനത്തിന്റെ ആദ്യഘട്ടം. ഭാഗികമായ അജൈവ മാലിന്യ ശേഖരണമാണ് ആദ്യ കാലങ്ങളിൽ നടന്നിരുന്നത്. പിന്നീട് ഭരണ സമിതി അംഗങ്ങൾ, ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ പ്രവർത്തന ഫലമായി വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനും യൂസർ ഫീ കളക്ട് ചെയ്യുന്നതിനുമുള്ള സാഹചര്യം സംജാതമായി. വീടുകളിൽ നിന്നും 50 രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും 2023-24 വർഷം യൂസർ ഫീ ഈടാക്കി വരുന്നു. ആശ്രയ വിഭാഗത്തിൽ ഉൾപ്പെട്ട് കുടുംബങ്ങളെ യൂസ്ർഫീ നൽകുന്നതിൽ നിന്ന് ഒഴിവാക്കുന്നതിനായി ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്.

**4. മാലിന്യ കൈമാറ്റ കാര്യക്ഷമത**

ഗ്രാമപഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും പാഴ്വസ്തു ശേഖരണ കലണ്ടർ തയ്യാറാക്കി നൽകി അതു പ്രകാരം മാലിന്യശേഖരണം നടത്തി വരുന്നു. വീടുകളിൽ നിന്ന് ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ഹരിതകർമ്മ സേനാംഗങ്ങൾ മിനി എം.സി.എഫ്-ൽ സൂക്ഷിക്കുകയും അവ തരം തിരിച്ച് സമയബന്ധിതമായി എം.സി.എഫ്-ലേക്ക് മാറ്റുകയും ചെയ്യുന്നു. 85% മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നുണ്ട്. എം.സി.എഫ്.-ൽ നിന്നും ക്ലീൻ കേരള കമ്പനിയാണ് മാലിന്യം ശേഖരിച്ചു കൊണ്ടുപോകുന്നത്. പാഴ് വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2023-24 വർഷം ആകെ 35360 കി.ഗ്രാം മാലിന്യം ക്ലീൻ കേരള കമ്പനി ശേഖരിച്ചു കൊണ്ടുപോയിട്ടുണ്ട്. ആയതിന് ₹353600/- ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. ജൈവ മാലിന്യങ്ങൾ, ഡയപ്പർ ,നാപ്കിൻ എന്നിവ സംസ്കരിക്കുന്നതിനുള്ള അപര്യാപ്തമായ സംവിധാനങ്ങൾ ഹരിതകർമ്മസേന സംവിധാനത്തിന്റെ പോരായ്മയായി

അധികാരികൾ അറിയിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, ബിപിഎൽ കുടുംബാംഗങ്ങൾ െ ന്നിവരിൽ നിന്നും യൂസർ ഫീ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഹരിതകർമ്മ സേനയുമായി സഹകരിക്കാത്ത വീടുകളും സ്ഥാപനങ്ങളും ഉള്ളതിനാൽ 100% യൂസർ ഫീ കളക്ഷൻ കൈവരിക്കാൻ സാധിക്കുന്നില്ല.

**5)റീസൈക്ലിംഗ്**

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത പ്രോട്ടോക്കോളുകൾ നടപ്പിലാക്കുന്നതിനും പ്രത്യേകിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ ലാൻഡ്ഫില്ലുകളോ ലെഗസി മാലിന്യ നിക്ഷേപങ്ങളോ ഇല്ല.

**6) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനും, പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും ബോധവത്ക്കരണം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രത്യേക പദ്ധതികളൊന്നും തന്നെ ആവിഷ്ക്കരിച്ചതായി അധികൃതർ അറിയിച്ചിച്ചില്ല.
മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ പ്രത്യേക വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കടകളിൽ നിന്ന് പ്ലസ്റ്റിക് മലിന്യം കണ്ടെത്തിയതിനെത്തുടർന്നും പ്ലാസ്റ്റിക് കത്തിച്ച വകയിലും മറ്റുമായി പിഴ ഇനത്തിൽ ₹30,000/- പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. കൂടാതെ വാഹനത്തിൽ കൊണ്ടുപോയി മാലിന്യം ഉപേക്ഷിക്കുമാൻ ശ്രമിച്ചവരെ കണ്ടെത്തി ₹11000/- പിഴ ഈടാക്കിയിട്ടുണ്ട്.

ഹരിതകർമ്മ സേനാംഗങ്ങളായി 46 പേരാണുള്ളത്. ഹരിതകർമ്മസേനാ പ്രവർത്തനത്തിനായി പഞ്ചായത്ത് വാങ്ങി നൽകിയ പിക്കപ്പ് വാനിലാണ് മാലിന്യങ്ങൾ ശേഖരിച്ച് വരുന്നത്. നിലവിൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല. ഹരിത കർമ്മ സേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രതിമാസം കുറഞ്ഞത് പതിനായിരം രൂപ ഉറപ്പു വരുത്തുന്നതിനുമുള്ള നപടികളൊന്നും ഹരിത കർമ്മസേനയോ തദ്ദേശ സ്വയം ഭരണ സ്ഥാപനമോ സ്വീകരിച്ചിട്ടില്ല. യൂസർ ഫീ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം ആകെ 2265380/- രൂപ ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സേവനങ്ങൾക്ക് യൂസർ ഫീ നിർബന്ധമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് സിസ്റ്റം പദ്ധതിയുടെ ഭാഗമായി പെരുവന്താനം ഗ്രാമപഞ്ചായത്തിലെ വിദൂര മലയോര മേഖലകളിൽ നെറ്റ് വർക്ക് ലഭ്യതക്കുറവിനാൽ സ്മാർട്ട് ഗാർബേജ് ആപ്പിന്റെ സേവനം പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

**8) പരിശീലനവും വികസനവും**

ഹരിത കർമ്മ സേനാംഗങ്ങേങ്ങളേകേകേ ഡ്രൈവിങ്ങ് പരിശീലനം നൽകിയതൊഴികെ പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ നടത്തിയിട്ടില്ല.

എല്ലാ മാസാദ്യവും ഹരിതകർമ്മസേനാംഗങ്ങളെ പഞ്ചായത്തിൽ വിളിച്ചുകൂട്ടി റിവ്യൂ മീറ്റിങ്ങ് നടത്തി ടി മീറ്റിങ്ങിൽ വാർഡ് മെമ്പർമാർ അവലോകനം നടത്താറുണ്ട്. മീറ്റിങ്ങിൽ ഹരിതസേനാംഗങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും അവയ്ക്കുള്ള പ്രതിവിധിയും ചർച്ച ചെയ്യാറുള്ളതുമാണ്.

**9) പരിമിതികൾക്കിടയിലും കാര്യക്ഷമമായ പ്രവർത്തനം**

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഹരിതകർമ്മസേനാംഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പു വരുത്താൻ സാധിക്കാത്തതും ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മ സേന അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

ഹരിത കർമ്മസേനയോട് പൊതുജനങ്ങൾക്കുള്ള സഹകരണക്കുറവും യൂസർ ഫീ നൽകുന്നതിനുള്ള മടിയും ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ഗതാഗത സൊകര്യത്തിന്റെ അപര്യാപ്തതയും ഉൾപ്രദേശങ്ങളിലെ വന്യമൃഗ ശല്യവും സേനാംഗങ്ങൾക്ക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. കൂടാതെ വാർഡുകളുടെ വിസ്തൃതി കൂടുതൽ ആയതിനാൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടും വാർഡുകളിലെ വീടുകളുടെ എണ്ണം കുറവായതിനാൽ കൂടുതൽ സേനാംഗങ്ങളെ നിയമിക്കുന്നതിനുള്ള അപ്രായോഗികതയും പ്രവർത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പരിമിതികൾക്കിടയിലും കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിനും പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ ഭൂരിപക്ഷവും ശേഖരിച്ച് നീക്കം ചെയ്യുന്നതിനും ഹരിതകർമ്മസേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാ മാസവും പത്താം തീയതിക്കുള്ളിൽ ഹരിത കർമ്മ സേനാംഗങ്ങൾ വാർഡിൽ നിന്ന് അജൈവ മാലിന്യങ്ങൾ ശേഖരിച്ച് അതത് വാർഡിലെ എംസിഎഫുകളിൽ സൂക്ഷിക്കുകയും മിനി എംസിഎഫ് നിരയുന്നതനുസരിച്ച് സെഗ്രഗേഷനു ശേഷം പഞ്ചായത്തിൽ നിന്നും ക്രമീകരിച്ചിട്ടുള്ള വാഹനത്തിൽ എംസിഎഫിലേക്ക് കൊണ്ടു പോകുകയും ചെയ്യുന്നു. പിന്നീട് സംസ്കരണത്തിനായി അംഗീകൃത ഏജൻസിക്ക് കൈമാറുന്നു.

**<u>ശുപാർശകൾ</u>**

- ഹരിത കർമ്മസേനക്ക് വാഹനം ഉപയോഗിക്കുന്നതിന് സേനാംഗങ്ങളെ പ്രാപ്തരാക്കാവുന്നതാണ്.
- മെച്ചപ്പെട്ട വരുമാന സാധ്യതകൾ കണ്ടെത്താനുള്ള മാർഗങ്ങൾ സ്വീകരിക്കാവുന്നതാണ്. ജൈവവളം നിർമ്മാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുക്കളുടെ റീസൈക്ലിംഗ് പോലുള്ള മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.
- പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക- വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.
- പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
- ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
- വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.
- ഹരിതകർമസേന പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.
- ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
- പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

. ജൈവമാലിന്യങ്ങൾ ഉറവിടത്തിലും, തുമ്പൂർമൂഴി മോഡൽ മുഖേനയും സംസ്കരിക്കാവുന്നതാണ്.

നിരന്തരം വികസിക്കുന്ന ഒരു സംരംഭ മേഖലയാണ് മാലിന്യ സംസ്ക്കരണം. വരുമാനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണം കൂടി സാധിക്കുന്നു എന്ന പ്രത്യേകത ഈ പ്രവർത്തനത്തിന് ഉണ്ട്. മാറുന്ന സാഹചര്യത്തിൽ ഹരിത കർമ്മസേനയ്ക്ക് ഒരു സംരംഭം എന്ന നിലയിൽ സാധ്യതകൾ നിരവധിയാണ്. അജൈവ മാലിന്യ സംസ്കരണം, ജൈവ മാലിന്യ സംസ്കരണം, ബദൽ ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, റിപ്പയറിംഗ്, പരിസര സൗന്ദര്യവത്ക്കരണം, ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന സംരംഭ സാധ്യതകൾ തുടങ്ങി ഇതിനകം ഉയർന്നു വന്നതും ഇനി ഉരുത്തിരിയാൻ സാധ്യതകൾ ഉള്ളതുമായ ഒരു മേഖലയാണ് ഇത്. പ്രസ്തുത സാഹചര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻകയറി നം.1/09-12-2024)

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വാടക-കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

2023-24 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരമുള്ള വരവ് പരിശോധിച്ചതിൽ കരാർ ചമച്ച് വാടകയ്ക്ക് നൽകിയ മുറികളുടെയും വാടക കുടിശ്ശിക തുകകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | കാലയളവ് | ആകെ വാടക കുടിശ്ശിക |
|---|---|---|---|---|
| കഞ്ഞിക്കുഴി ഷോപ്പിംഗ് കോംപ്ളക്സ് | | | | |
| 1 | ഷൈലജ മധു | 1556 | 03/2024 | 1556 |
| കീരിത്തോട് ഷോപ്പിംഗ് കോംപ്ളക്സ് | | | | |
| 2 | സുരേഷ് കെ.കെ | 875 | 07/2023 മുതൽ 03/24 വരെ | 7875 |
| 3 | കെ.സി ടോമി | 418 | 05/2023 മുതൽ 03/24 വരെ | 4598 |
| ചേലച്ചുവട് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സ് | | | | |
| 4 | കമലാസനൻ | 3465 | 07/2023 മുതൽ 03/24 വരെ | 31185 |

| | | | | |
|---|---|---|---|---|
| 5 | മഞ്ജുഷ് അമ്പാരപ്പിള്ളിൽ | 3490 | 04/2023 മുതൽ 03/24 വരെ | 41880 |
| 6 | ബിജു മാത്യു | 3255 | 04/2023 | 3255 |
| ആകെ | | | | 90349 |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5//12/24)ലഭ്യമാക്കിയ മറുപടി പ്രകാരം വാടക ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിന് 2023-24ൽ ലഭ്യമാകേണ്ടിയിരുന്ന ₹90349/-നഷ്ടമായ സ്ഥിതിയാണ് നിലവിലുള്ളത്. കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം വിവരമറിയിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹരിതകർമ്മസേന പ്രവർത്തനങ്ങൾ - ക്ലീൻ കേരള കമ്പനിക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ബിൽ പ്രകാരമല്ലാതെ തുക നൽകി

ഹരിതകർമ്മസേന പ്രവർത്തനങ്ങൾ എന്ന പദ്ധതി പ്രകാരം ക്ലീൻ കേരള കമ്പനിക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ഒരേ ബിൽ പ്രകാരം രണ്ട് തവണ പ്രതിഫലം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി,നം. | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ, 212/24(SO) |
| അടങ്കൽ ₹ | 1175608/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് ₹<br>ബിൽ നമ്പർ/വൗച്ചർ നം. തീയതി, തുക | 3,64,222/-<br>43,21-08-2023, 67378/-<br>54,19-09-23/26650/- (വൗച്ചർ നം.22300609/03-10-2023)<br>146, 19-12-2023/61650/- (വൗച്ചർ നം.22300880/28-12-2023)<br>285,11-03-2024/77300/-<br>329/20-03-24/86395/-<br>79/20-10-2023/11760<br>150/21-12-2023/33089 |

മേൽ സൂചിത ചെലവുകളിൽ 54,19-09-23/₹26650/-(വൗച്ചർ നം.22300609/03-10-2023) എന്നതും 146, 19-12-2023/₹61650/(26650+35000) (വൗച്ചർ നം.22300880/28-12-2023)- എന്നതും 26-05-2023 ലെ D23/SER23-24/199/₹26650/- എന്ന ഒരേ ടാക്സ് ഇൻവോയ്സ് അടിസ്ഥാനപ്പെടുത്തിയാണ് മാലിന്യം നീക്കുന്നതിനുള്ള പ്രതിഫലം നൽകിയിട്ടുള്ളത്. അത് പ്രകാരം ലഭ്യമാക്കാത്ത ബില്ലിന്മേൽ ₹26650/- അധികമായി നൽകിയിരിക്കുന്നു. അപാകത സംഭവിച്ചതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 30/11-12-2024ന് മറുപടി ലഭ്യമാക്കിയില്ല. ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയ ബില്ലിൽ അധികരിച്ച് നൽകിയ ₹26650/- തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തി കരാറുകാർക്ക് ₹36476/- അധികമായി നൽകി

താഴെ പറയുന്ന രണ്ട് പ്രവൃത്തികളിലായി പൊതുമരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് ₹36476/- അധികമായി നൽകിയിരിക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് | 291/24, നാലുകമ്പി അഞ്ചുകുടി റോഡ് കോൺക്രീറ്റ്- വാർഡ് -3 |
| അടങ്കൽ ₹650000/- | ₹300000/- (വികസന ഫണ്ട്)<br>₹350000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ശ്രീ.രാജീവ് പി.എസ്. |
| കരാർ നം./തീയതി | 51/AE/LID&EW/KJZY/2023-24/03.02.2024 |
| വൗച്ചർ നം./തീയതി/തുക | 1) 23100652010601566865/27.03.2024/₹300000/-<br>2) 22301324/30.03.2024/ ₹232841/-<br>ആകെ ₹532841/- |

മേൽ പ്രവൃത്തിയിൽ കരാറുകാരന് ആകെ നൽകുവാനുള്ള തുക താഴെ പറയും പ്രകാരം ₹497896/- മാത്രമാണ് എന്നാൽ മുകളിൽ ചേർത്തിട്ടുള്ള രണ്ട് ബില്ലുകൾ പ്രകാരം യഥാക്രമം ₹282528/-, ₹232841/- എന്നിങ്ങനെ ആകെ ₹515369/- കരാറുകാരന് നൽകിയിട്ടുണ്ട്. ₹17472/- അധികമായി നൽകിയിരിക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹436753/- |
| ജി.എസ്.ടി. @18% | ₹78616/- |
| ആകെ | ₹515369/- |
| **ബില്ലിൽ നിന്നും കറവ് ചെയ്യേണ്ട തുക** | |
| 1) സെൻട്രൽ ജി.എസ്.ടി.@1% | ₹4368/- |
| 2) സ്റ്റേറ്റ് ജി.എസ്.ടി. @1% | ₹4368/- |
| 3) ഇൻകം ടാക്സ് @1% | ₹4368/- |
| 4) ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. | ₹4368/- |
| ആകെ കുറവ് ചെയ്യേണ്ട തുക | ₹17472/- |
| കരാറുകാരന് നൽകേണ്ട ആകെ തുക | ₹497897/- |
| കരാറുകാരന് നൽകിയ തുക | ₹515369/- (282528+232841) |
| അധികം നൽകിയ തുക (515369-497897) | ₹174732/- |

2)

| | |
|---|---|
| പ്രോജക്ട് | 313/24, തള്ളക്കാനം ഏഴുകമ്പി റോഡ് കോൺക്രീറ്റ്-വാർഡ്- 10 |
| അടങ്കൽ ₹600000/- | ₹300000/- (വികസന ഫണ്ട്)<br>₹300000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ശ്രീ.രാജൻ വർഗീസ് |
| കരാർ നം./തീയതി | 72/AE/LID&EW/KJZY/2023-24/17.02.2024 |
| വൗച്ചർ നം./തീയതി/തുക | 1) 23100652010601560047/26.03.2024/₹300000/-<br>2) 22301322/30.03.2024/ ₹252893/-<br>ആകെ ₹552893/- |

മേൽ പ്രവൃത്തിയിൽ കരാറുകാരന് ആകെ നൽകുവാനുള്ള തുക താഴെ പറയും പ്രകാരം ₹514856/- മാത്രമാണ്. എന്നാൽ മുകളിൽ ചേർത്തിട്ടുള്ള രണ്ട് ബില്ലുകൾ പ്രകാരം യഥാക്രമം ₹280997/-,₹252893/- എന്നിങ്ങനെ ആകെ ₹533890/- നൽകിയിട്ടുണ്ട്. ₹19034/- അധികമായി നൽകിയിരിക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹452449 |
| ജി.എസ്.ടി. @18% | ₹81441 |
| ആകെ | ₹533890 |
| ബില്ലിൽ നിന്നും കറവ് ചെയ്യേണ്ട തുക | |
| 1) സെൻട്രൽ ജി.എസ്.ടി.@1% | ₹4525/- |
| 2) സ്റ്റേറ്റ് ജി.എസ്.ടി. @1% | ₹4525/- |
| 3) ഇൻകം ടാക്സ് @1% | ₹4524/- |
| 4) ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. | ₹4525/- |
| 5) ഫൈൻ | ₹905 |
| ആകെ കുറവ് ചെയ്യേണ്ട തുക | ₹19004 |
| കരാറുകാരന് നൽകേണ്ട ആകെ തുക | ₹514886/- |
| കരാറുകാരന് നൽകിയ തുക<br>(252893 +280997) | ₹533890/- |
| അധികം നൽകിയ തുക (533890 -514886) | ₹19004/- |

കരാറുകാർക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 11.12.2024 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 31 ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പദ്ധതികൾ വിവിധ ഫണ്ടുകൾ വകയിരുത്തി നിർവ്വഹണം നടത്തിയതിനാൽ ബിൽ തയ്യാറാക്കിയപ്പോൾ വന്നിട്ടുള്ള ക്ലറിക്കൽ തെറ്റുമൂലമാണ് അധിക തുക അനുവദിച്ചിട്ടുള്ളതെന്നും അധികമായി നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ ആകെ തുക ₹36476/- അതാത് കരാറുകാരിൽ നിന്നും ഈടാക്കി ഫണ്ടിൽ ഒടുക്കാത്ത അല്ലാത്ത

പക്ഷം നഷ്ടതുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ₹36476/- യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2023-24 | 50000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (32/24) | 50000 | 0 |
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2023-24 | 1458931/- | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് (122/24) | 1458931 | 0 |
| | ആകെ | 1508931 | | | |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2023-24 | 660000 | ലൈഫ് ഭവന നിർമ്മാണം -പട്ടിക വർഗ്ഗം (11/24) | 660000 | |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2023-24 | 2520000 | ലൈഫ് ഭവന പദ്ധതി -ജനറൽ(193/24) | 2520000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2023-24 | 150000 | ഭിന്ന ശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്(32/24) | 150000 | 0 |
| | ആകെ | 3330000 | | | |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ ഫണ്ടിന്റെ വിവരം

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | വരവ് ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 30.09.2015 | | 5600000.00 | 0 | 1500000.00 | 0.00 | 4100000.00 |
| ലൈഫ് ഭവന പദ്ധതി | | - | 48516708.00 | 0 | 5659061.00 | 0.00 | 42857647.00 |

യഥാർത്ഥ ലോൺ തിരിച്ചടവ് തുക 56599061/- രൂപയായിരിക്കെ ലോൺ തിരിച്ചടവ് 56999061/- എന്ന് കാണിച്ചിരിക്കുന്നതിനാൽ വാർഷികധനകാര്യ പത്രിക പ്രകാരമുള്ള ലോൺ ബാലൻസിൽ 300000/- രൂപ കുറവാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹8736667 |
| പലിശ വരവ് | 896069 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹9632736/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹9632736 |

ട്രഷറിയിൽ സ്ഥിര നിക്ഷേപം നടത്തിയിരിക്കുന്ന ₹9632736/- 21.11.2024-ൽ പുതുക്കിയിട്ടുണ്ട്. പലിശയിനത്തിൽ ₹679779/-യുൾപ്പെടെ ₹10312515/-യാണ് ഒരു വർഷത്തേക്ക് പുതുക്കി നിക്ഷേപിച്ചിട്ടുള്ളത്. വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ട്രഷറി | 03.01.2020 | 13 മാസം | 5156258.00 | FD No.799010503043095 |
| 2 | ട്രഷറി | 03.01.2021 | 13 മാസം | 5156257.00 | FD N0.799010503043702 |
| **ആകെ** | | | | 10312515.00 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | തൽസ്ഥിതി വിവരം |
|---|---|---|---|---|---|
| 1999-2000 | 33 | 2002-03 | 7.6.6(Ii) | 1999-2000 വർഷത്തിൽ എസ്.സി.പി. വിഭാഗത്തിലുള്ളവർക്ക് നടീൽ വസ്തുക്കൾ വിതരണം (കശുമാവിൻ തൈകൾ) ചെയ്തതിൽ 20.8.1998 ലെ സ.ഉ.(പി) നമ്പർ 175/98/ത.ഭ.വ. എന്ന ഉത്തരവിൽ നിഷ്കർഷിച്ച പരിധിയിലുമധികം സബ്സിഡി നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ പേരിൽ ₹57,000/- ബാദ്ധ്യത നിശ്ചയിച്ചത് | പഞ്ചായത്തിന് നഷ്ടമായ ₹57,000/- ശ്രീ.ജോർജ് വി.തോമസിൽ നിന്നും ഈടാക്കി നൽകുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 11.09.2012ൽ കത്ത് സമർപ്പിച്ചിട്ടുള്ളതാണ് |
| | | 2013-14 | 5.2.4(1) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും – വിഷയാധിഷ്ഠിത | ശുദ്ധജല വിതരണത്തിന് |

| | | | | | |
|---|---|---|---|---|---|
| | | | | അവലോകനം സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ല | നടപടി സ്വീകരിച്ചിട്ടുണ്ട് |
| | | 2013-14 | 5.2.4(9) | സ്കൂൾ ചുറ്റുമതിൽ ഇല്ലാത്തത് | സ്ഥലത്തിന്റെ ഉടമ ജില്ലാപഞ്ചായത്ത് ആണ്. ചുറ്റുമതിൽ നിർമ്മിക്കുവാൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| | | 2013-14 | 5.2.4(16) | വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തുന്ന തുകകൾ അപര്യാപ്തം | വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നുണ്ട് |
| | | 2013-14 | 5.2.4(18) | സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവശിക്ഷാ അഭിയാനും | സർവ ശിക്ഷാ അഭിയാൻ അധികാരികൾക്ക് ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട് |
| 2015-16 | 2-2 | 2016-17 | അനുബന്ധം-4 | വസ്തു നികുതി അപാകതകൾ | തൽസ്ഥിതി തുടരുന്നു |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്നപത്രിക

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | ചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | ഉണ്ട്/ ഇല്ല | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 30 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF-25784/ Spl.Cell/ SC2/99/ 02.03.2001 | 661.00 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 661.00 | |
| 2 | 1996-97 | 31 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF-25784/ Spl.Cell/ SC2/99/ 02.03.2001 | 3262.45 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3262.45 | |

(ബി) <u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | ചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? ഉണ്ട്/ഇല്ല | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക ₹ | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 36 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF.25784 Spl.Cell./ SC2/99/ 02.03.01 | 1960 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1960 | |
| 2 | 1996-97 | 37 | ശ്രീ. കെ. പി. അബ്ദുൾ | LF.25784/ Spl.Cell./ | 7532 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 7532 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഖാദർ കുഞ്ഞ് സെക്രട്ടറി | SC2/99/ 03.12.01 | | | | | | | | |
| 3 | 2000-01 | 32 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | ലഭ്യമല്ല | 8580 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8580 |
| 4 | 2000-01 | 33 | ശ്രീ. പി. ജെ. ജോസഫ് സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 04.07.06 | 9499 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9499 |
| 5 | 2000-01 | 34 | ശ്രീ. പി. ജെ. ജോസഫ് സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 04.07.06 | 1139 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1139 |
| 6 | 2000-01 | 37 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 13.11.06 | 27476 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 27476 |
| 7 | 2000-01 | 43 | ശ്രീ. ബിജു പി. എൻ. അസി. എൻജിനീയർ | LF.11729/ Spl.Cell./ SC2/05/ 13.11.06/ 14.02.07 | 873 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 873 |
| 8 | 2003-04 | 3-6 | ശ്രീ. കെ. ജെ. ജോൺസൺ അസി. എൻജിനീയർ | LF.2502/ Spl.Cell./ SC2/08/ 12.05.10 | 1403 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1403 |
| 9 | 2003-04 | 3-7 | ശ്രീ. കെ. ജെ. ജോൺസൺ | LF.2502/ Spl.Cell./ | 1881 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1881 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | അസി. എൻജിനീയർ | SC2/08/ 12.05.10 | | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 49347498.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 77990129.00 |
| ആകെ | 127337627.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75600343.00 |
| നീക്കിയിരിപ്പ് | 51737284.00 |
| (കുറിപ്പ് :- പഞ്ചായത്തിന്റെ 2023-24 വർഷത്തെ റെസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത് ) | |
| വരവിനങ്ങളിലുള്ള നഷ്ടം | 90349.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 63126.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 215784.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 90349 | | ശ്രീമതി.ആനിയമ്മ ജോർജ് |
| 3-1 | | 26,650/- | ശ്രീ.ജോമിറ്റ് തോമസ്<br>വി.ഇ.ഒ., കഞ്ഞിക്കുഴി |
| 3-2 | | 36476/- | ശ്രീ.അനീഷ് ബാബു,<br>അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-16 | | 36037/- | ശ്രീമതി. ആനിയമ്മ ജോർജ്, സെക്രട്ടറി |
| 1-17 | | 13156/- | ശ്രീമതി മേരി പ്രഭ.എ.ഐ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) |
| 1-18 | | 10000/- | ഡോ.സരീഷ് ചന്ദ്രൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-19 | | 1033896 | ശ്രീ.അനീഷ് ബാബു, അസിസ്റ്റന്റ് എൻജിനീയർ |
| 1-20 | | 78387 | ശ്രീ.അനീഷ് ബാബു, അസിസ്റ്റന്റ് എൻജിനീയർ |
| 1-23 | ₹157309 | 36812 | ശ്രീ.രാജേന്ദ്രൻ പി.കെ, സെക്രട്ടറി |
| | | 120497/- | ശ്രീമതി മേരി പ്രഭ.എ.ഐ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | | 13500/- | ശ്രീമതി. ആനിയമ്മ ജോർജ്, സെക്രട്ടറി |
| 1-25 | | 27000/- | ശ്രീമതി. ആനിയമ്മ ജോർജ്, സെക്രട്ടറി |
| 1-26 | | 486499/- | ശ്രീമതി. ആനിയമ്മ ജോർജ്, സെക്രട്ടറി |
| 1-32 | | 320,000/- | ശ്രീ. ജോമിറ്റ് തോമസ്, വി.ഇ.ഒ. കഞ്ഞിക്കുഴി |
| ആകെ | | 2175784 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡികകൾ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ഡോ. സരീഷ് ചന്ദ്രൻ,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.,<br>ഇടുക്കി –<br>കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | വാഴേമെയിലിൽ ഹൗസ്<br>രാജമുടി .പി.ഒ<br>ഇടുക്കി<br>685604 |
| ശ്രീ.ജോമിറ്റ് തോമസ്,<br>വി.ഇ.ഒ. കഞ്ഞിക്കുഴി | വി.ഇ.ഒ. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | അറ്റപ്പാട്ട്,<br>തൃക്കാരിയൂർ പി.ഒ.<br>തുൾശ്ശേരി കവല, കോതമംഗലം<br>686692 |
| ശ്രീമതി മേരി പ്രഭ എ.ഐ.<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | തെക്കേപാറക്കൽ<br>വണ്ണപ്പുറം പി.ഒ<br>ഇടുക്കി |
| ശ്രീമതി .ആനിയമ്മ ജോർജ് | സെക്രട്ടറി, വെള്ളിയാമറ്റം<br>ഗ്രാമപഞ്ചായത്ത് | കാഞ്ഞിരത്തിങ്കൽ(ഹൗസ്)<br>അറക്കുളം പി.ഒ<br>അശോകക്കവല |
| ശ്രീ.അനീഷ് ബാബു, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ<br>ഇടുക്കി- കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് | പവിത്രം<br>കച്ചേരിത്തോപ്പ്,<br>ബാലരാമപുരം പി.ഒ.<br>തിരുവനന്തപുരം -685501 |
| ശ്രീ. രാജേന്ദ്രൻ പി.കെ, സെക്രട്ടറി | വിരമിച്ചു | നല്ലൂത്താനത്ത് ഹൗസ്<br>വെൺപാല. പി.ഒ<br>തിരുവല്ല, കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക (എണ്ണം) | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക (നമ്പർ) |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-9/132/98/20.10.1999 | 4 | 30, 31, 36, 37 |
| 1999-00 | എൽ.എഫ്.ഐ-9/469/01/26.06.2002 | 2 | 29, 33 |
| 2000-01 | എൽ.എഫ്.ഐ-9/452/03/31.12.2003 | 5 | 32, 33, 34, 37, 43 |
| 2002-03 | എൽ.എഫ്.ഐ-9/690/04/06.05.2005 | 1 | 3-7 |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.ഐ-9/243/06/12.12.2006 | 2 | 3-6, 3-7 |
| 2006-07 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2006-07/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 1 | 3-3 |
| 2007-08 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2007-08/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 8 | 2-7, 3-5, 3-7, 3-9, 3-11, 3-13, 3-17, 3-18 |
| 2008-09 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2008-09/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 3 | 3-1, 3-4, 3-5 |
| 2009-10 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2009-10/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 6 | 3-1, 3-3, 3-4, 3-5, 3-9, 3-10 |
| 2010-11 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2010-11/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 1 | 3-1 |
| 2011-12 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2011-12/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 6 | 2-4, 3-1, 3-4, 3-6, 3-7, 3-11 |
| 2012-13 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2012-13/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 2 | 3-4, 3-5 |
| 2013-14 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2013-14/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 2 | 3-3, 3-8 |
| 2014-15 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2014-15/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 2 | 3-1, 3-4 |
| 2015-16 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2015-16/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 3 | 2-2, 2-3, 3-6 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2016-17/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 12 | 3-1, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-13, 3-16, 3-19 |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-13/1401/2018/30.4.2019 | 22 | 1-12, 2-1, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.13/984/2019/30.11.2019/22.02.2020 | 21 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-27, 1-28, 1-29, 1-31, 1-32, 1-33, 4-8 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ.11/733/2021/09.09.2021 | 9 | 1-9, 1-11 മുതൽ 1-18 വരെ |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ.11/734/2021/30.09.2021 | 24 | 1-9, 1-11, 1-12, 1-13 മുതൽ 1-27 വരെ, 1-29, 1-30, 1-31, 1-32, 3-1, 3-2 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി5/1619/22 തീയതി. 21.03.2023 | 23 | 1-3, 1-3-1, 1-3-2, 1-3-3, 1-8 മുതൽ 1-23 വരെ, 3-1, 3-2, 3-3 |
| 2022-23 | കെ.എസ്.എ.ഐ.ഡി.കെ.പി5/958/23 തീയതി. 23.7.2024 | 17 | 1-1-1, 1-1-2, 1-1-3, 1-1-5, 1-8, 1-11, 1-12, 1-13, 1-14, 1-15,1-16,1-17, 1-18, 1-19, 1-21, 1-22, 1-23 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 25-07-2024 and submitted on 25-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Idukki-Kanjikuzhy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Idukki-Kanjikuzhy Grama Panchayat as on 31-03-2024

**Date: 23/12/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Idukki-Kanjikuzhy Grama Panchayat for the Year 2023-2024.

### 1.Major Observations

-

### 2.Other Observations

1. Due to failure to accurately evaluate assets and liability during the transition from single entry accounting system to double entry accounting system, and failure to periodical updates , the assets and liability in the balance sheets are inaccurate.
2. Non inclusion of Notes to accounts in Financial statements and non disclosure of material facts.

3. cash flow statement- Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
4. The following Registesrs are not maintained ,Stock register,advance register,Deposit register, Loan register
5. Lapses in making timely and accurate demand entries in respect of tax and non tax revenue
6. kURDFC Loan amount in AFS is incorrect
7. Balance amount of Grant shown as liability in Balancesheet does not match with Bank account opened for the specified grant accoun
8. Lack of authenticated journal Vouchers for, supporting the adjustment entries recorded in prior period items8
9. Tax and non tax demand registers are not periodically reconciled with accounts.
10. CFC -Tied and Untied Grant amount expenditure mismatch with AFS.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്